I ഇ.ബി. XII-കേരള നിയമസഭ /V-22

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 ജൂലായ് 25, ബുധൻ

നിയമസഭ രാവിലെ 8.30- ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ.

### (1) മലപ്പുറം ജില്ലാ ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത.

**ശ്രീ. പി.കെ. അബ്ദുറബ്ബ്:** 501 കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി റഫറൽ ആശുപത്രിയായ മലപ്പുറം ജില്ലാ ആശുപത്രി.യിൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, ശിശുവിഭാഗം എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു ജില്ലാ ആശുപത്രിക്ക് ഉണ്ടാകേണ്ട സൗകര്യങ്ങളും സംവിധാനങ്ങളും ഇല്ല. ഹൃദയസംബന്ധമായ രോഗമുള്ളവരെ കിടത്താനുള്ള ഐ.സി.സി.യു. ആരംഭിക്കുന്നതിനായി ഹൃദ്രോഗ വിദഗ്ദ്ധർ–2, സീനിയർ കൺസൽട്ടന്റ് ഫിസിഷ്യൻ–2, ജൂനിയർ കൺസൽട്ടന്റ് ഫിസിഷ്യൻ–2, നഴ്സുമാർ–30, ഹെഡ് നഴ്സ്–3, നഴ്സിംഗ് അസിസ്റ്റന്റ്–6, ഗ്രേഡ് II അറ്റൻഡന്റുമാർ–6, ഗ്രേഡ് I അറ്റൻഡർമാർ–2,

എന്നീ തസ്തികകൾ സൃഷ്ടിക്കണം. നവജാതശിശുക്കൾക്ക് പ്രത്യേകം പരിചരണം നൽകുന്നതിനുള്ള എൻ.ഐ.സി.യു. സംവിധാനം ഏർപ്പെടുത്താനായി സീനിയർ കൺസൽട്ടന്റ് ശിശുരോഗവിദഗ്ദ്ധൻ-1, ജൂനിയർ കൺസൽട്ടന്റ് ശിശുരോഗ വിദഗ്ദ്ധൻ-1, സ്റ്റാഫ് നഴ്സ്-24, ഹെഡ് നഴ്സ്-3, നഴ്സിംഗ് അസിസ്റ്റന്റ്-3, ഗ്രേഡ് II അറ്റൻഡർമാർ-4, ഗ്രേഡ് I അറ്റൻഡർമാർ-2 എന്നീ തസ്തികകളും സൃഷ്ടിക്കണം. നിലവിലുള്ള ഐ.സി.യു. 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനായി സീനിയർ കൺസൽട്ടന്റ് ഫിസിഷ്യൻ-2, ജൂനിയർ കൺസൽട്ടന്റ് ഫിസിഷ്യൻ-2, സ്റ്റാഫ് നഴ്സ്-9, ഹെഡ് നഴ്സ്-3, നഴ്സിംഗ് അസിസ്റ്റന്റ്-3, ഗ്രേഡ് II അസിസ്റ്റന്റ്-3, ഗ്രേഡ് I അസിസ്റ്റന്റ്-1 എന്നീ തസ്തികകൾ സൃഷ്ടിക്കണം. പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു. സൗകര്യം ഏർപ്പെടുത്താനായി ആവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കാൻ നടപടി സ്വീകരിക്കണം. ഒഴിഞ്ഞുകിടക്കുന്ന 9 സിവിൽ സർജന്മാരുടെയും ഒരു അസിസ്റ്റന്റ് സർജന്റെയും ഒരു സൂപ്രണ്ടിന്റെയും 29 പാരാ മെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകളിൽ നിയമനം നടത്താനും കാഷ്വാലിറ്റിയിൽ ആവശ്യമായ ഡോക്ടർമാരെ അടിയന്തിരമായി നിയമിക്കാനും നടപടി സ്വീകരിക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u>**: മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രിയിൽ അത്യാധുനിക സൗകര്യങ്ങൾ ഇല്ലെന്നുള്ളത് വസ്തുതയാണ്. അൾട്രാ സൗണ്ട് സ്കാൻ, എക്സ്റേ, ബ്ലഡ്ബാങ്ക്, ലബോറട്ടറി എന്നീ സൗകര്യങ്ങളുണ്ടെങ്കിലും ആധുനിക സജ്ജീകരണങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ഹൃദ്രോഗികൾക്കും നവജാതശിശുക്കൾക്കും

ആവശ്യമായ പരിചരണം ലഭിക്കുകയുള്ളൂ. ഏഴ് വർഷത്തോളമായി പ്രൊമോഷൻ നടത്താതിരുന്ന അസിസ്റ്റന്റ് സർജന്മാർക്ക് ഡി.പി.സി. കൂടി പ്രൊമോഷൻ കൊടുക്കാൻ തീരുമാനം എടുക്കുകയും 202 അസിസ്റ്റന്റ് സർജൻമാർക്ക് സിവിൽ സർജന്മാരായി പ്രൊമോഷൻ കൊടുക്കുകയും ചെയ്തു. ഏതാനും ദിവസങ്ങൾക്കുള്ളിൽ മലപ്പുറം ജില്ലാ ആശുപത്രിയിൽ 7 സിവിൽ സർജന്മാരെ നിയമിക്കുന്നതാണ്. അവിടെ അനുവദിക്കപ്പെട്ട അസിസ്റ്റന്റ് സർജന്മാർ ഇപ്പോൾത്തന്നെ ഉണ്ട്. എൻ.ആർ.എച്ച്.എം. മുഖേന കൂടുതൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് മുൻകയ്യെടുത്ത് നിർമ്മിക്കുന്ന ആറ് നില കെട്ടിടത്തിന്റെ ആദ്യത്തെ രണ്ടോ മൂന്നോ നിലയെങ്കിലും പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ന്യൂബോൺ നഴ്സറിയുടെ പ്രശ്നങ്ങൾ ഗവണ്മെന്റ് ഗൗരവമായി കാണുന്നു. ഐ.സി.സി.യു, എൻ.ഐ.സി.യു. എന്നിവ ആരംഭിക്കുന്നതിന് ഗവണ്മെന്റ് കഴിയുന്ന വിധത്തിൽ സഹായം ചെയ്യുന്നതാണ്. 1961-ലെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനമെടുത്ത്, അധിക തസ്തിക സൃഷ്ടിക്കുമ്പോൾ മലപ്പുറം ജില്ലാ ആശുപത്രിയിലെ ഇന്നത്തെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.

## (2) സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകളുടെ നവീകരണവും പ്രവർത്തനം വ്യാപിപ്പിക്കലും.

**ശ്രീ. സാജു പോൾ:** കേരളത്തിന്റെ സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനങ്ങൾക്ക് മഹത്തായ പങ്ക് വഹിച്ച ഗ്രന്ഥശാലാ സ്ഥാപനങ്ങളെ പുന:സംവിധാനം ചെയ്യണം. ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളെ ഏകോപിപ്പിക്കാൻ ദേശീയ നോളഡ്ജ് കമ്മിഷൻ വിലപ്പെട്ട നിർദ്ദേശങ്ങൾ കേന്ദ്രഗവണ്മെന്റിന്

സമർപ്പിച്ചിട്ടുണ്ട്. ഗ്രന്ഥശാലകളെ സജീവമാക്കുന്നതിനായി കേരളാ പബ്ളിക് ലൈബ്രറീസ് ആക്ടും ചട്ടങ്ങളും കാലോചിതമായി പരിഷ്ക്കരിക്കണം. ബഡ്ജറ്റിൽ ഗ്രന്ഥശാലകൾക്ക് വിദ്യാഭ്യാസത്തിന് വകയിരുത്തുന്ന തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക എന്നുള്ളത് ഒരു ശതമാനത്തിൽ കുറയാത്ത തുക എന്ന് ഭേദഗതി ചെയ്യണം. നിയമങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അഫിലിയേഷനിലും ഗ്രേഡേഷനിലുമൊക്കെയുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ച് രജിസ്റ്ററുകൾ പരിഷ്ക്കരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സാംസ്ക്കാരിക വകുപ്പിന്റെ കീഴിലാക്കാനുള്ള നടപടി സ്വീകരിക്കണം. സ്ക്കൂൾ-കോളേജ് ലൈബ്രറികൾ, സഹകരണ സ്ഥാപനങ്ങളുടെ ലൈബ്രറികൾ എന്നിവയ്ക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ നിയന്ത്രണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമാണ്. സി.ഡി. ലൈബ്രറികൾ ആരംഭിക്കുന്നതിന് സോഫ്റ്റ് വെയർ തയ്യാറാക്കണം. തിരുവനന്തപുരം പബ്ളിക് ലൈബ്രറി സെൻട്രൽ ലൈബ്രറിയാക്കി സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിൽ കൊണ്ടുവരികയും ലൈബ്രറി ഡയറക്ടറേറ്റ് രൂപവൽക്കരിക്കുകയും വേണം. തദ്ദേശഭരണസ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് കുടിശ്ശികയുൾപ്പെടെ ഈടാക്കാൻ നടപടി ഉണ്ടാകണം. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ആസ്ഥാനം നിർമ്മിക്കുന്നതിനായി കൈമാറിയ സ്ഥലം തിരികെയെടുത്ത് വീണ്ടും കൊടുത്തുകൊണ്ട് ജില്ലാ-താലൂക്ക് കൗൺസിലുകൾക്ക് ഓഫീസുകൾ പണിയാൻ നടപടി സ്വീകരിക്കണം. ഗ്രന്ഥശാലകൾക്ക് പട്ടയം കൊടുക്കുന്നതിന് ഉദാരമായ വ്യവസ്ഥകൾ സ്വീകരിക്കണം. എം.എൽ.എ. ഫണ്ടിൽ നിന്നും കമ്പ്യൂട്ടറുകളും പുസ്തകങ്ങളും വാങ്ങിക്കുന്നതിനുള്ള

സൗകര്യമൊരുക്കണം. കെട്ടിട നികുതിയിൽ നിന്ന് ഗ്രന്ഥശാലകളെ ഒഴിവാക്കണം. തുടർ സാക്ഷരതാ പ്രവർത്തനങ്ങളും മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങളും ഗ്രന്ഥശാലകൾ വഴി നടത്തണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>:.** കേരളത്തിൽ 6819 ഗ്രന്ഥശാലകൾ ലൈബ്രറി കൗൺസിലുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. പരിമിതികളുണ്ടെങ്കിലും ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിൽ അഭിമാനകരമായ നേട്ടങ്ങളും ഉണ്ട്. സ്ത്രീകളുടെ പുസ്തകവായനയിലുള്ള അഭിരുചി വളർത്തുന്നതിന് പുസ്തകങ്ങൾ വീട്ടിൽ എത്തിക്കുന്ന 'വനിതാ പുസ്തകവിതരണ പദ്ധതി' നിലവിലുണ്ട്. സ്ത്രീകളുടെ നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിന് സഹായകരമായ 'വനിതാ വേദി' ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്. വിദ്യാലയങ്ങളിൽ നിന്നും ഗ്രന്ഥശാലകളിലേയ്ക്ക് എന്ന ആഹ്വാനവുമായി ആയിരത്തിലേറെ സ്റ്റുഡന്റ്സ് കോർണറുകൾ സംഘടിപ്പിക്കുകയും സ്ക്കൂൾ വിദ്യാർത്ഥികൾക്കായി വായനാമൽസരങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. തൊഴിൽ മാർഗ്ഗനിർദ്ദേശ കേന്ദ്രങ്ങളും ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ മേഖലകളിൽ പ്രത്യേക ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. ജയിലുകളിലെ ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക പഞ്ചായത്തുകൾ ഏൽപ്പിക്കുന്നില്ല എന്ന പരാതിയുണ്ട്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇടപെട്ട് അടിയന്തിരമായി നടപടി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. . ബഡ്ജറ്റിൽ ഒരു ശതമാനത്തിൽ

കവിയാത്ത തുക എന്നത് ഒരു ശതമാനത്തിൽ കുറയാത്ത തുക എന്നുള്ള ഭേദഗതി അംഗീകരിക്കുന്നു. കേരള പബ്ളിക് ലൈബ്രറീസ് ആക്ടും ചട്ടങ്ങളും പരിഷ്ക്കരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചരമോപചാരം

### കേരള നിയമസഭാംഗങ്ങളായിരുന്ന കോട്ടക്കുഴി സുകുമാരൻ, സി.എസ്. ഗംഗാധരൻ, കെ. ശിവദാസൻ, എ.എ. കൊച്ചുണ്ണി, തിരു-കൊച്ചി നിയമ സഭാംഗമായിരുന്ന എൻ.ജി. ചാക്കോ എന്നിവരുടെ നിര്യാണം

കേരള നിയമസഭാംഗങ്ങളായിരുന്ന കോട്ടക്കുഴി സുകുമാരൻ, സി.എസ്. ഗംഗാധരൻ, കെ. ശിവദാസൻ, എ.എ. കൊച്ചുണ്ണി, തിരു-കൊച്ചി നിയമ സഭാംഗമായിരുന്ന എൻ.ജി. ചാക്കോ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദര സൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കു കയും ചെയ്തു.

## സബ്മിഷൻ

### (1) എ.കെ.ജി. സ്മാരകത്തിന് അനുവദിച്ച ഭൂമി

**ശ്രീ. ജോസഫ് എം. പുതുശ്ശേരി**: ഗവേഷണകേന്ദ്രവും ഗ്രന്ഥശാലയും കോൺഫറൻസ് ഹാളുമുൾപ്പെടുന്ന എ.കെ.ജി. സ്മാരകത്തിന് അനുവദിച്ച ഭൂമിയിൽ വ്യവസ്ഥകൾ ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പാർട്ടി ഓഫീസായി ഉപയോഗിക്കുകയും കേരള സർവ്വകലാശാലയുടെ ഭൂമി അനധി കൃതമായി കയ്യേറുകയും ചെയ്തിരിക്കുകയാണ്. ഇതുസംബന്ധിച്ച് വിശദാം ശങ്ങൾ ആരായുമ്പോൾ ഫയലുകൾ പൂഴ്ത്തിവയ്ക്കുകയും വസ്തുതകൾ വെളിച്ചത്തുവരാതിരിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടത്തുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കണം.

**റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u>):** 1977-ൽ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഗവേഷണകേന്ദ്രം, ലൈബ്രറി, കോൺഫറൻസ് ഹാൾ, സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റി ഓഫീസ് എന്നിവയടങ്ങുന്ന സമുചിതമായ എ.കെ.ജി. സ്മാരകം പണിയുന്നതിനു വേണ്ടി തിരുവനന്തപുരത്ത് 34.408 സെന്റ് ഭൂമിയും കേരള യൂണിവേഴ്സിറ്റി യുടെ 15 സെന്റ് ഭൂമിയും എ.കെ.ജി. സ്മാരക കമ്മിറ്റിക്ക് സർക്കാർ പതിച്ചുനൽകുകയുണ്ടായി. ജനങ്ങൾ നൽകിയ സംഭാവനകൊണ്ട് നിർമ്മിച്ച സ്മാരകം എ.കെ.ജി. സ്മാരക ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ആരുടേയും ഭൂമി കയ്യേ റാതെ 30 വർഷംമുമ്പുള്ള അതേ വ്യവസ്ഥയിൽത്തന്നെയാണ് സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റി ഓഫീസ് പ്രവർത്തിക്കുന്നത്. എ.കെ.ജി. സെന്ററിനുവേണ്ടി ഭൂമി അനുവദിച്ചുകൊണ്ട് സർക്കാരും കേരള യൂണിവേഴ്സിറ്റിയും നൽകിയ രേഖകൾ ഗവൺമെന്റിന്റേയും എ.കെ.ജി. സെന്ററിന്റേയും കൈവശമുണ്ട്. ഇതുസംബന്ധിച്ച് ജനങ്ങളുടെയിടയിൽ തെറ്റിദ്ധാരണയുണ്ടാക്കുകയും സംശയത്തിന്റെ പുകമറ സൃഷ്ടിക്കുകയും ചെയ്ത് തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തേയും കമ്മ്യൂണിസ്റ്റ് പാർട്ടികളേയും ഹനിക്കുന്നതിനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്.

**പ്രതിപക്ഷനേതാവ് (<u>ശ്രീ. ഉമ്മൻചാണ്ടി</u>):** റവന്യൂ വകുപ്പുമന്ത്രി വസ്തുതകൾ മറച്ചുവച്ചാണ് പറഞ്ഞത്. 1977-ൽ ആന്റണി ഗവൺമെന്റിന്റെ കാലത്ത് എ.കെ.ജി. സ്മാരകം പണിയുന്നതിനു സ്ഥലം അനുവദിക്കണമെന്ന് എ.കെ.ജി. സ്മാരകസമിതിയുടെ പക്കൽ നിന്നും അപേക്ഷ കിട്ടിയപ്പോൾ ഔട്ട്സൈഡ് അജണ്ടയായി ആ വിഷയമെടുത്ത് ചോദിച്ച അത്രയും സ്ഥലം

അനുവദിക്കാൻ അന്നത്തെ ക്യാബിനറ്റ് തീരുമാനിച്ചു. യൂണിവേഴ്സിറ്റിയുടെ സ്ഥലത്തിനുവേണ്ടി സെനറ്റിൽ പ്രമേയം അവതരിപ്പിച്ചത് ശ്രീ. കെ.സി. ജോസഫ് എം.എൽ.എ. ആയിരുന്നു. എ.കെ.ജി.യെപ്പോലെ സമുന്നതനായ ഒരു നേതാവ് സമൂഹത്തിനു ചെയ്തിട്ടുള്ള സേവനങ്ങളും സംഭാവനകളും ഉയർത്തിപ്പിടിച്ച് ഒരു വിവാദവും ഉണ്ടാക്കാതെയാണ് യൂണിവേഴ്സിറ്റിയുടെ 15 സെന്റ് ഭൂമി എ.കെ.ജി. സെന്ററിനു കൊടുക്കാനുള്ള തീരുമാനം സെനറ്റ് എടുത്തത്. എ.കെ.ജി.യോട് ഐക്യ ജനാധിപത്യമുന്നണി കാണിച്ച ആദരവുപോലും ഇടതുപക്ഷം കാണിച്ചില്ല എന്നതാണ് വാസ്തവം. അദ്ദേഹത്തിന്റെ പേര് വിവാദങ്ങളിലേയ്ക്ക് വലിച്ചിഴക്കരുതായിരുന്നു. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ യൂണിവേഴ്സിറ്റിയുടെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി കുറവു വന്നിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ടതാണ്. അത് അന്നത്തെ രേഖകളിലുണ്ട്. ആന്റണി ഗവൺമെന്റ് അനുവദിച്ച 34.048 സെന്റും യൂണിവേഴ്സിറ്റിയുടെ 15 സെന്റ് സ്ഥലവുമല്ലാതെ കൂടുതൽ കൈവശമുണ്ടോയെന്ന് റവന്യൂ വകുപ്പുമന്ത്രി വ്യക്തമാക്കണം.

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u>** നിയമവിരുദ്ധമായി അപ്രകാരമെന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ യു.ഡി.എഫ്. അധികാരത്തിലിരുന്നപ്പോൾ നടപടി സ്വീകരിക്കണമായിരുന്നു.

**<u>ശ്രീ. ഉമ്മൻചാണ്ടി:</u>** യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഭൂമി അളന്ന് യൂണിവേഴ്സിറ്റിക്ക് സ്ഥലം നഷ്ടപ്പെട്ടിട്ടുണ്ടെന്നു ബോദ്ധ്യപ്പെട്ട ഫയൽ ഇപ്പോൾ കാണാനില്ല എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട റവന്യൂ

വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളതിൽ കൂടുതലായി ഒരിഞ്ചു ഭൂമിപോലും കൈവശമില്ലെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. കൂടുതൽ ഭൂമിയുണ്ടെങ്കിൽ അതു റെഗുലറൈസ് ചെയ്യാനുള്ള നടപടികളോട് പ്രതിപക്ഷം സഹകരിക്കാൻ തയ്യാറാണ്.

**ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):** ഈ പ്രശ്നം സംബന്ധിച്ച് 1988-ൽ നിയമസഭ രണ്ട് ദിവസം ചർച്ച ചെയ്യുകയും കയ്യേറ്റം നടന്നിട്ടില്ലെന്ന് വ്യക്തമാക്കുകയും ചെയ്തതാണ്. ഇതു സംബന്ധിച്ച് അന്ന് നൽകിയ റൂളിംഗ് ചെയർ പരിശോധിച്ച് വിശദീകരണം നൽകണം. 1988-നുശേഷം വന്ന ഗവൺമെന്റുകളൊന്നും ഈ ഭൂമി അളന്നു തിട്ടപ്പെടുത്താനോ അതിന്മേൽ നടപടി സ്വീകരിക്കാനോ മുതിർന്നില്ല. രാഷ്ട്രീയ പുകമറ സൃഷ്ടിക്കാൻ കരുതിക്കൂട്ടി നടത്തിയിട്ടുള്ള ഒരു ഗൂഢാലോചനയുടെ സൃഷ്ടിയാണിത്.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** ട്രസ്റ്റ് നിയമമനുസരിച്ചാണ് എ.കെ.ജി. സെന്ററിനകത്ത് സി.പി.ഐ.(എം.) -ന്റെ സംസ്ഥാന കമ്മിറ്റി ഓഫീസ് പ്രവർത്തിക്കുന്നത്. എ.കെ.ജി. സെന്ററിന്റെ ചുറ്റുമതിൽ കെട്ടിയിരിക്കുന്നത് യൂണിവേഴ്സിറ്റിയാണ്. ട്രസ്റ്റ് നിയമം ലംഘിച്ച് അനധികൃത കയ്യേറ്റം നടന്നിട്ടുണ്ടെന്ന് അതിനുശേഷം അധികാരത്തിൽവന്ന യു.ഡി.എഫ്. ഗവൺമെന്റുകൾക്കു ബോദ്ധ്യപ്പെട്ടിരുന്നുവെങ്കിൽ അതിനെതിരെ നോട്ടീസ് നൽകേണ്ടതായിരുന്നു. അനധികൃത കയ്യേറ്റം അവിടെ നടന്നിട്ടില്ലെന്ന് അസന്നിഗ്ദ്ധമായി തെളിഞ്ഞിട്ടുള്ളതാണ്.

**മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>:** എ.കെ.ജി. സെന്ററിനു കൂടുതൽ സ്ഥലമുണ്ടെങ്കിൽ ഈ വിഷയം സംബന്ധിച്ച് നിയമസഭയിൽ നടത്തിയിട്ടുള്ള റൂളിംഗ് പരിശോധിച്ച് ചെയർ തീരുമാനമെടുക്കുകയും സഭയെ അറിയിക്കുകയും വേണം.

**(2) <u>ഓയിൽ കാർഗോ ടെർമിനൽ മാറ്റി സ്ഥാപിക്കൽ</u>**

**<u>ശ്രീ. കെ.സി. വേണുഗോപാൽ</u>** : ദേശീയ ജലപാതയുമായി ബന്ധപ്പെട്ട് കേന്ദ്ര ഉൾനാടൻ ഗതാഗത വകുപ്പ് പുന്നമട കായലിൽ ഓയിൽ കാർഗോ ടെർമിനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ദ്രുതഗതിയിൽ നടക്കുകയാണ്. അന്താരാഷ്ട്ര നെഹ്റു ട്രോഫി വള്ളംകളി നടത്താൻ പറ്റാത്ത വിധം പുന്നമടയിലെ ഫിനിംഷിംഗ് പോയിന്റിലാണ് കാർഗോ കോംപ്ളക്സിന്റെ പണി നടക്കുന്നത്. അതുകൊണ്ട് ഉന്നത തലത്തിൽ ഇടപെട്ട് കാർഗോ ടെർമിനൽ അവിടെനിന്നും മാറ്റി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>** : ദേശീയജലപാത 3-ന്റെ വികസനത്തിനായി ആലപ്പുഴ ജില്ലയിൽ മുല്ലയ്ക്കലിൽ കേന്ദ്ര ഉൾനാടൻ ഗതാഗത വകുപ്പ് ഓയിൽ കാർഗോ ടെർമിനൽ സ്ഥാപിക്കാൻ തീരുമാനിച്ചപ്പോൾത്തന്നെ ഇതിനെതിരെ പ്രതിഷേധവും ഇത് ലോകപ്രസിദ്ധമായ നെഹ്റു ട്രോഫി വള്ളംകളിയെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയും ഉയർന്നുവന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിയുക്ത ടെർമിനൽ മുല്ലയ്ക്കലിൽ നിന്ന് പള്ളുരുത്തിയിലേയ്ക്കോ മറ്റോ മാറ്റണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. ഇതേസമയം മുല്ലയ്ക്കലിൽ ടെർമിനൽ സ്ഥാപിക്കാൻവേണ്ടി രണ്ട് ഹെക്ടർ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന്

സംസ്ഥാന സർക്കാർ നടപടികൾ ആരംഭിച്ചിരുന്നു. സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് കാലതാമസം വരുത്തുന്നുവെന്ന് പറഞ്ഞ് ചില സ്ഥലമുടമകൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 2003 നവംബർ മാസം 24-ാം തീയതിക്ക് മുൻപ് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. അതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. സുപ്രീം കോടതി ഹൈക്കോടതി വിധി ശരിവച്ചു. ആ വിധിയുടെ അടിസ്ഥാനത്തിൽ ടെർമിനലിന്റെ പണി ആരംഭിക്കാൻ സ്ഥലമേറ്റെടുത്ത് നൽകാൻ കേന്ദ്ര ഉൾനാടൻ ഗതാഗത വകുപ്പ് സംസ്ഥാന സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തി. അവിടെ താമസക്കാരായ ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ടതുള്ളതുകൊണ്ട് സ്ഥലമെടുക്കൽ വീണ്ടും നീണ്ടുപോയി. നിയുക്ത ടെർമിനൽ നെഹ്റു ട്രോഫി വള്ളംകളിയെ ഒരു തരത്തിലും ബാധിക്കില്ലെന്നും വേണ്ടിവന്നാൽ വള്ളംകളിയുടെ സമയത്ത് അതുവഴിയുള്ള ജലഗതാഗതം ഇതര സമീപ വഴികളിലൂടെ തിരിച്ചുവിടാമെന്നുമുള്ള നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും ജലഗതാഗത മേധാവികളുമായി ചർച്ച ചെയ്തു. നിർദ്ദിഷ്ട ഓയിൽ കാർഗോ ടെർമിനൽ മാറ്റാൻ കേന്ദ്ര ഉൾനാടൻ ഗതാഗത വകുപ്പ് സന്നദ്ധമാകാത്തതുകൊണ്ട് സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ പ്രത്യേക തീരുമാനം കൈകൊള്ളാനാവില്ല. ഏറ്റെടുത്ത സ്ഥലത്തെ താമസക്കാരായ കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പുവരുത്തിക്കൊണ്ടായിരിക്കും തീരുമാനമെടുക്കുന്നത്.

## (3) <u>പ്രകൃതിക്ഷോഭത്തെത്തുടർന്ന് അയ്യംകുന്ന് പഞ്ചായത്തിലുണ്ടായ നാശനഷ്ടങ്ങൾ</u>

**<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ:</u>** സമീപകാലത്തുണ്ടായ കാലവർഷക്കെടുതിയുടെ ഭാഗമായി പേരാവൂർ നിയോജകമണ്ഡലത്തിലെ അയ്യംകുന്ന് പഞ്ചായത്തിലും മറ്റും വലിയ നാശനഷ്ടങ്ങളുണ്ടായി. അയ്യംകുന്ന് പാറക്കാമലയിൽ ഉരുൾപൊട്ടലുണ്ടായതിനെത്തുടർന്ന് ഭൂമിക്കും വീടുകൾക്കും വിള്ളലുണ്ടാകുകയും നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തു. അയ്യംകുന്ന് പഞ്ചായത്തിലും മട്ടന്നൂർ മുനിസിപ്പാലിറ്റിയിലും 13 ഏക്കറോളം ഭൂമി താഴ്ന്നുപോയി. ഭയാനകമായ ഈ സ്ഥിതിവിശേഷം പരിശോധിക്കുന്നതിന് വിദഗ്ദ്ധ സംഘത്തെ അയയ്ക്കുകയും ഈ പ്രദേശത്തുള്ളവരെ പുനരധിവസിപ്പിക്കാനും റോഡുകൾ പുനർ നിർമ്മിക്കാനും നടപടി സ്വീകരിക്കുകയും ചെയ്യണം.

**റവന്യു വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>:** 18-7-2007-ൽ ഉണ്ടായ ഉരുൾപൊട്ടലിനെത്തുടർന്ന് 257 പേരെ പാറക്കാമലയിലുള്ള ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിച്ചു. ഭൂമിക്കും വീടുകൾക്കും വിള്ളലുണ്ടായതിനെക്കുറിച്ച് പഠിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയുടെ കേരള ഘടകത്തിൽ നിന്നുള്ള വിദഗ്ദ്ധ സംഘം അടുത്ത രണ്ട് ദിവസങ്ങളിലായി ഉരുൾപ്പൊട്ടലുണ്ടായ സ്ഥലം സന്ദർശിക്കും. ദേശീയ ദുരന്ത നിവാരണ അതോറിറ്റിയിലെ അംഗങ്ങളും ജൂലൈ 27-ന് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് അവിടെ എത്തിച്ചേരും. ഉരുൾപൊട്ടൽ ബാധിച്ച സ്ഥലങ്ങളിലെ കുടുംബങ്ങളെ

പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**(4) മലയാലപ്പുഴ പെരുംപട്ടേത്ത് ശ്രീ. ഗോപകുമാറിനെതിരെ ആക്രമണം**

**ശ്രീ. അടൂർ പ്രകാശ്:** 22.7.2007-ന് മലയാലപ്പുഴ കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ പ്രസിഡന്റ് ശ്രീ. പെരുംപട്ടേത്ത് ഗോപകുമാർ വ്യാപാര സ്ഥാപനത്തിൽ നിന്ന് വീട്ടിലേയ്ക്ക് പോകുമ്പോൾ മലയാലപ്പുഴ ജംഗ്ഷനിൽ വച്ച് പതിനഞ്ചോളം ആളുകൾ ചേർന്ന് മൃഗീയമായി കൈയേറ്റം ചെയ്യുകയും ഇപ്പോൾ അദ്ദേഹം പത്തനംതിട്ട ആശുപത്രിയിൽ കിടക്കുകയുമാണ്. സാമൂഹ്യ വിരുദ്ധരായ ഈ സംഘം മലയാലപ്പുഴ ദേവീക്ഷേത്രത്തിലെ ഉൽസവവുമായി ബന്ധപ്പെട്ട് അക്രമം അഴിച്ചുവിട്ടവരാണ്. ഈ സാമൂഹ്യ വിരുദ്ധരെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** ഗോപകുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട് അഞ്ച് പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട പോലീസ് സബ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു.

**(5) ആലത്തൂർ മുൻസിഫ് കോടതി സബ്കോടതിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത**

**ശ്രീ. എം. ചന്ദ്രൻ:** ആലത്തൂർ മുൻസിഫ് കോടതി സബ് കോടതിയായി ഉയർത്താൻ നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** ഹൈക്കോടതി രജിസ്ട്രാറുടെ ശുപാർശ പ്രകാരമാണ് പുതിയ കോടതികൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടിക നിശ്ചയിക്കുന്നത്. ആലത്തൂർ മുൻസിഫ് കോടതി സബ് കോടതിയായി ഉയർത്തണമെന്ന പ്രശ്നം ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

**(6) വർക്കലയിലെ പ്രകൃതി ചികിൽസാ കേന്ദ്രം ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമാക്കേണ്ടതിന്റെ ആവശ്യകത**

**ശ്രീ. വർക്കല കഹാർ** : വർക്കലയിലെ പ്രകൃതി ചികിൽസാ കേന്ദ്രം ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമാക്കാൻ നടപടി സ്വീകരിക്കണം.

**ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):** വർക്കലയിലെ പ്രകൃതി ചികിൽസാ കേന്ദ്രത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ടൂറിസം വകുപ്പ് നേരിട്ട് ആശുപത്രി നടത്തുകയെന്നുള്ളത് പ്രായോഗികമല്ല. ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഈ സ്ഥാപനം കൂടുതൽ മെച്ചപ്പെടുത്തി ടൂറിസം വകുപ്പുമായി ചേർന്നുകൊണ്ടുള്ള ഒരു ഹെൽത്ത് ടൂറിസ്റ്റ് കേന്ദ്രമായി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

**(7) ജില്ലാ റിക്രൂട്ട്മെന്റ് ബോർഡിന്റെ കീഴിലുള്ള നിയമനങ്ങളിൽ സംവരണം**

**ശ്രീ. ആര്യാടൻ മുഹമ്മദ് :** കേരളത്തിൽ ഭരണഘടനയനുസരിച്ച് 50 ശതമാനം റിസർവേഷനാണുള്ളത്. അത് ഡിസ്ട്രിക്ട് റിക്രൂട്ട്മെന്റ് ബോർഡിന്റേതായി വരുമ്പോൾ ആ ഡിസ്ട്രിക്ടിലുള്ളവരാണ്

അപേക്ഷിക്കുന്നത്. . അതുകൊണ്ട് ജില്ലാ അടിസ്ഥാനത്തിലുള്ള റിക്രൂട്ട്മെന്റ് 50 ശതമാനത്തിൽ കൂടുതലാകാതെ കമ്മ്യൂണിറ്റിയുടെ പെർസന്റേജിന നുസരിച്ച് കൊടുക്കണം. ജില്ലാ റിക്രൂട്ട്മെന്റ് ബോർഡിലെ നിയമനത്തിന് ചില ഡിപ്പാർട്ടുമെന്റുകൾ കൊടുക്കുന്ന അഞ്ച് ശതമാനം വെയിറ്റേജ് എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ബാധകമാക്കാൻ നടപടി സ്വീകരിക്കണം.

**പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):** പി.എസ്.സി മുഖാന്തിരമുള്ള നിയമനങ്ങളിൽ റിക്രൂട്ടുമെന്റ് നടത്തുമ്പോൾ അതാത് ജില്ലയുടെ ജനസംഖ്യയ്ക്ക് ആനുപാതികമായ സാമുദായിക സംവരണമെന്ന രീതി ഇപ്പോൾ നിലവിലില്ല. സംവരണ സമുദായങ്ങൾക്ക് മൊത്തം 50 ശതമാനം സംവരണമാണ് നൽകി വരുന്നത്.ജില്ലാതല സംവരണത്തെക്കുറിച്ച് വളരെ സജീവമായി ചർച്ച ചെയ്യേണ്ടതാണ്. ഗവൺമെന്റ് ഈ പ്രശ്നം പബ്ളിക് സർവ്വീസ് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതായിരിക്കും.

## (8) ട്രെയിൻ ഡ്രൈവർമാരുടെ ജോലി സമയം

**ശ്രീ. പി. ജയരാജൻ** : ഇൻഡ്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ഇൻഡ്യൻ റെയിൽവേയിൽ ജോലി ചെയ്യുന്ന ട്രെയിൻ ഡ്രൈവർമാർ ഇപ്പോൾ . 13 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുകയാണ്. ട്രെയിൽ യാത്രക്കാരുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കാൻ ട്രെയിൻ ഡ്രൈവർമാരുടെ ജോലി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. ഇതിനായി കേരള നിയമസഭ ഏകകണ്ഠമായ പ്രമേയം പാസ്സാക്കി കേന്ദ്ര ഗവണ്മെന്റിന് അയയ്ക്കണം.

**നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** **(ശ്രീ. എം. വിജയകുമാർ):** ട്രെയിൻ ഡ്രൈവർമാരുടെ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തുക എന്നുള്ളത് റെയിൽവേ ലോക്കോ റണ്ണിംഗ് സ്റ്റാഫിന്റെ ന്യായമായ ആവശ്യമാണ്. ഇക്കാര്യം പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും ശുപാർശ ചെയ്തിട്ടുണ്ട്. .പലതവണ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെയും റെയിൽവേ മന്ത്രാലയത്തിന്റെയും ശ്രദ്ധയിൽക്കൊണ്ടുവന്നെങ്കിലും അനുകൂല നിലപാട് സ്വീകരിച്ചുകണ്ടില്ല. ജൂലായ് 31-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന എം.പി.മാരുടെ യോഗത്തിൽ ഈ വിഷയവും ചർച്ചയ്ക്കു വിധേയമാക്കുന്നതാണ്. പ്രതിപക്ഷവുമായി ചർച്ച ചെയ്ത് ഇതു സംബന്ധിച്ച് നിയമസഭയിൽ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി അയയ്ക്കുന്നത് ഉചിതമായിരിക്കും.

**(9) പനിബാധിതർക്ക് മരുന്നും തുടർചികിത്സയും**

**ശ്രീ. ജി. കാർത്തികേയൻ:** സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന പനിമൂലം ഇതുവരെ 651 പേരാണ് മരിച്ചത്. ഈ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ എത്തിയ കേന്ദ്ര സംഘം ഒരിക്കൽ പനി ബാധിച്ചവർക്കുതന്നെ വീണ്ടും പനി വരുമ്പോൾ വളരെ ഗൗരവത്തോടുകൂടി തുടർ ചികിത്സ നല്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ പരിശോധനാ റിസൽറ്റിൽ കേരളത്തിൽ പടർന്നുപിടിച്ചിട്ടുള്ള ചിക്കുൻഗുനിയയുടെ ഗുരുതരാവസ്ഥയെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പനി ബാധിച്ചവർക്ക് അടിയന്തിര ചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ആവശ്യത്തിനുള്ള മരുന്നും സ്റ്റാഫും അനുവദിക്കണം.

ഇതിനുവേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അനുവദിച്ച ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണം.

**ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** **(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):** ചിക്കുൻഗുനിയ പനി ബാധിതരുടെ എണ്ണം ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ട്. . രണ്ടാമത് പനി വരുന്നവർക്ക് തുടർചികിൽസ ലഭ്യമാക്കണമെന്നത് പ്രധാനപ്പെട്ട വിഷയം തന്നെയാണ്. ഗുരുതരമായ ഈ വിഷയം കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ഹോമിയോ, ആയുർവേദ മരുന്നുകൾക്കായി 3 കോടി 30 ലക്ഷം രൂപയും അലോപ്പതി മരുന്നുകൾക്കായി 4 കോടി രൂപയും അനുവദിച്ചു കിട്ടിയിട്ടുണ്ട്.. ഇതിന് പുറമെ സംസ്ഥാന സർക്കാർ 7 കോടി രൂപ അനുവദിച്ചു. ഈ തുക പൂർണ്ണമായും സംസ്ഥാനത്തെ വിവിധ ആശുപത്രികൾക്കും സബ് സെന്ററുകൾക്കുമായി മരുന്നായും പണമായും കൊടുത്തിട്ടുണ്ട്. ആര്യനാട് മണ്ഡലത്തിലെ വെള്ളനാട് സി.എച്ച്.സി.യിൽ ആവശ്യത്തിന് മരുന്നും 3 ഡോക്ടർമാരെ അധികമായും നൽകിയിട്ടുണ്ട്. ആര്യനാട് മണ്ഡലത്തിൽ ഈ ആവശ്യത്തിനുവേണ്ടി വിവിധ ആശുപത്രികൾക്കും സബ് സെന്ററുകൾക്കുമായി 15,20,000 രൂപ അനുവദിച്ചിട്ടുണ്ട്.

## (10) അടൂരിലെ കെ.പി. റോഡിന്റെയും എം.സി. റോഡിന്റെയും ശോച്യാവസ്ഥ

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** അടൂർ നിയോജകമണ്ഡലത്തിലെ കെ.പി./എം.സി. റോഡുകൾ കാലവർഷക്കെടുതിമൂലം സഞ്ചാരയോഗ്യമല്ലാത്ത രീതിയിൽ ദയനീയസ്ഥിതിയിലാണ്. റോഡുകളുടെ ദുരവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യാൻ കോൺഫറൻസ് വിളിച്ചുകൂട്ടുമെന്ന്

പറഞ്ഞെങ്കിലും ഇതുവരെ അത് ഉണ്ടായിട്ടില്ല. ഈ റോഡുകളുടെ ദുരവസ്ഥ പരിഹരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള):** കനത്ത കാലവർഷത്തിൽ അടൂർ കെ.പി.റോഡിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. മഴ മാറിയ ഉടനെ എം.സി. റോഡിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതാണ്. ഏനാത്ത് മുതൽ പന്തളം വരെയുള്ള റോഡിന്റെ അറ്റകുറ്റപ്പണി പൂർത്തിയായി വരുന്നുണ്ട്. കാലവർഷം മാറിയ ഉടൻ എം.സി. റോഡിന്റെ മുഴുവൻ അറ്റകുറ്റപ്പണികളും പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(11) തലസ്ഥാന നഗരിയിലെ അനധികൃത ബഹുനില മന്ദിരങ്ങൾ**

**ശ്രീ. വി. ശിവൻകുട്ടി:** തലസ്ഥാന നഗരിയിലെ എം.ജി. റോഡ് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെട്ട വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി പഴവങ്ങാടിയിൽ 45 സെന്റ് ഭൂമി അക്വയർ ചെയ്യാൻ ഉത്തരവായിട്ടുണ്ട്. അതിനുശേഷവും സർക്കാർ ഒഴിപ്പിച്ച് ഏറ്റെടുത്ത സ്ഥലത്ത് .വ്യാപാരസ്ഥാപനങ്ങൾ നടത്തുന്നതിനായി അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് അനധികൃത നിർമ്മാണങ്ങൾ നടത്തുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കണം.

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി):** തിരുവനന്തപുരം നഗരസഭ കണ്ടെത്തിയ അനധികൃതമായ നിർമ്മാണപ്രവർത്തനങ്ങൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥരുടെ പേരിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭിച്ച പരാതികളിൻമേൽ

അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതിന്റെ പ്രാഥമിക ചുമതല നഗരസഭാ സെക്രട്ടറിക്കാണ്. റോഡ് വീതി കൂട്ടുന്നതിനുവേണ്ടി ഒഴിപ്പിക്കേണ്ടിവന്ന വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കാൻ നടപടികൾ സ്വീകരിച്ചിരുന്നു. സ്വകാര്യ വ്യക്തി അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് അനുമതി നൽകിയതിൽ അപാകതയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതിൻമേൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**(12) മലയാറ്റൂർ-കോടനാട് പാലം**

**ശ്രീ. ജോസ് തെറ്റയിൽ:** ഏറെ തീർത്ഥാടകർ സന്ദർശിക്കുന്ന മലയാറ്റൂർ, ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ആന വളർത്തൽ കേന്ദ്രമായ കോടനാട് എന്നിവയെ ബന്ധിപ്പിക്കുന്നതും പെരിയാറിനു കുറുകെയുള്ളതുമായ പാലത്തിന്റെ പണി നബാർഡിന്റെ സ്കീമിൽപ്പെടുത്തി അടിയന്തിരമായി പൂർത്തീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള):** മലയാറ്റൂർ-കോടനാട് പാലം പണിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആവശ്യമായ തുക വകയിരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(13) ജങ്കാറുകളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച്**

**ശ്രീ. തോമസ് ചാണ്ടി:** കുട്ടനാട്ടിലെ നെൽകർഷകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി പുളിങ്കുന്ന്, തട്ടാശ്ശേരി കടവുകളിൽ അടിയന്തിരമായി ജങ്കാറുകളുടെ പണി പൂർത്തിയാക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. റ്റി.യു. കുരുവിള</u>):** ആലപ്പുഴ തട്ടാശ്ശേരി ജങ്കാർ നിർമ്മാണവുമായി ബന്ധപ്പെട്ട കരാർ 2000-ത്തിൽ നൽകിയെങ്കിലും കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ 2006-ൽ കരാർ ടെർമിനേറ്റ് ചെയ്യപ്പെട്ടു. പ്രസ്തുത ജങ്കാർ സർവ്വീസ് സ്വകാര്യ വ്യക്തികൾക്ക് ലേലം ചെയ്ത് കൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുളിങ്കുന്ന് ജങ്കാർ സർവ്വീസ് മുടക്കം കൂടാതെ സർവീസ് നടത്തുന്നുണ്ട്.

**(14) <u>കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല</u>**

**<u>ശ്രീ. കെ. ബാബു</u>:** കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയായി ഉയർത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് അടിയന്തിര നടപടി സ്വീകരിക്കണം.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ.എം.എ. ബേബി)</u>:** ഈ വിഷയത്തിൽ കേന്ദ്ര മാനവ വിഭവശേഷി വകുപ്പുമന്ത്രിയുമായി പലതവണ സംസാരിച്ചതിനെത്തുടർന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. ആ യോഗതീരുമാനമനുസരിച്ച് സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ഈ കാര്യങ്ങളെല്ലാം ചൂണ്ടിക്കാണിച്ചുകൊണ്ട് രണ്ട് ദിവസം മുമ്പ് കേന്ദ്രമന്ത്രിയുമായി ബന്ധപ്പെട്ടപ്പോൾ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകിയിട്ടുണ്ട്.

## (15) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തൃത്താല കൂട്ടകടവിൽ തടയണ

ശ്രീ. ടി.പി. കുഞ്ഞുണ്ണി: തൃത്താല മണ്ഡലത്തിൽപ്പെട്ട ആനക്കര, തിരുവേഗപ്പുറ തുടങ്ങിയ പ്രദേശങ്ങളിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിനായി കൂട്ടകടവിൽ ഒരു തടയണ സ്ഥാപിക്കണം.

**ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ)** : മലപ്പുറം-പാലക്കാട് ജില്ലകളുമായി ബന്ധപ്പെട്ട് കിടക്കുന്ന ഈ പദ്ധതിയുടെ സാദ്ധ്യതയെപ്പറ്റി ജലസേചന വകുപ്പിലെ വിദഗ്ദ്ധർ പഠനം നടത്തി എത്രയാണ് ചെലവെന്ന് കണക്കാക്കേണ്ടതുണ്ട്. രണ്ട് ജില്ലകളുമായി ബന്ധപ്പെട്ട പദ്ധതിയായതിനാൽ നിരവധി പഞ്ചായത്തുകളിൽ കുടിവെള്ള വിതരണമുൾപ്പെടെയുള്ള പ്രയോജനം ലഭിക്കും. അതിനാൽ രണ്ട് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ആവശ്യമായ തുക എടുത്തുകൊണ്ട് ഈ പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റും പ്രോജക്ടും തയ്യാറാക്കി പാലക്കാട് ജില്ലാ കളക്ടർ മുഖേന ഗവൺമെന്റിലേയ്ക്ക് തരാനാവശ്യപ്പെടുകയും എത്രയും പെട്ടെന്ന് അനുമതി നൽകുകയും ചെയ്യുന്നതാണ്.

## (16) ചാലക്കുടി-ആനമല റോഡ്

**ശ്രീ. ബി. ഡി. ദേവസ്സി** : ചാലക്കുടി നിയോജകമണ്ഡലത്തിലെ ചാലക്കുടി-ആനമല റോഡ് കാലവർഷത്തെത്തുടർന്ന് തകർന്നത് കാരണം ആദിവാസി കോളനികൾ ഒറ്റപ്പെടുകയും ടൂറിസ്റ്റ് കേന്ദ്രങ്ങളായ വാഴപ്പള്ളി, അതിരപ്പിള്ളി എന്നിവിടങ്ങളിലേയ്ക്കുള്ള ഗതാഗതവും തമിഴ്നാട്ടിൽനിന്നുമുള്ള ചരക്ക് ഗതാഗതവും തടസ്സപ്പെടുകയും ചെയ്തിരിക്കുക

യാണ്. അതിനാൽ ഈ റോഡ് എത്രയും പെട്ടെന്ന് പുനരുദ്ധരിച്ച് ഗതാഗത യോഗ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള) :** ശക്തമായ മഴമൂലം ചാലക്കുടി-ആനമല റോഡിന്റെ പല ഭാഗങ്ങളിലും ഗതാഗത തടസ്സമുണ്ടാവുകയും തുടർന്ന് ഈ റോഡിലൂടെയുള്ള ഗതാഗതം നിർത്തിവയ്ക്കുകയും ചെയ്തിരുന്നു. മണ്ണിടിഞ്ഞ് വീണത് മാറ്റി ഇപ്പോൾ ഒരുവരി ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. ഈ റോഡിന്റെ 4 സ്ഥലങ്ങളിൽ ഭിത്തി ഇടിഞ്ഞത് പുനർ നിർമ്മിക്കുന്നതിന് 75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## (17) മുല്ലശ്ശേരി കനാലിലെ ജലനിർഗ്ഗമനത്തിനുള്ള തടസ്സം

**ശ്രീ. മുരളി പെരുനെല്ലി :** മണലൂർ നിയോജകമണ്ഡലത്തിൽ 1980-ൽ പ്രവർത്തനം ആരംഭിച്ച് 50 കോടി രൂപ ചെലവഴിച്ചിട്ടും പൂർത്തീകരിക്കാതെ കിടക്കുന്ന പദ്ധതിയാണ് തൃശൂർ കോൾ വികസന പദ്ധതി. ഇതിൽ 2.50 കോടി രൂപയുടെ പദ്ധതി പ്രവർത്തനം പൂർണ്ണമായും മണലൂരിലാണ് നടത്തേണ്ടത്. ഇതിനുവേണ്ടി കരാറുകാരന് അഡ്വാൻസ് കൊടുത്തെങ്കിലും കരാറുകാരൻ പണി ഉപേക്ഷിച്ചു പോയതിനാൽ പൂർത്തീകരിക്കാൻ സാധിച്ചില്ല. വർഷകാലത്ത് പ്രളയജലം പുറത്തേയ്ക്ക് ഒഴുക്കുന്നതിനും കൃഷിക്കാവശ്യമായ ജലം സംഭരിക്കുന്നതിനും ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പണി പൂർത്തീകരിച്ചിട്ടും വെള്ളമെത്തിക്കാനാവശ്യമായ 100 മീറ്റർ വീതിയുള്ള മുല്ലശ്ശേരി കനാലിന്റെ പണി പൂർത്തിയായിട്ടില്ല. കനാലിൽ പാറക്കെട്ടുകളുള്ളത് ജലം ഒഴുകുന്നതിന് തടസ്സമുണ്ടാക്കുന്നു. ഈ കനാലിന്റെ പണി പൂർത്തിയാകാത്തതുമൂലം കാലവർഷക്കെടുതിയിൽ 3 പഞ്ചായത്തുകൾ പൂർണ്ണമായും തകരുകയും വീടുകൾ തകരുകയും വ്യാപകമായ കൃഷി

നാശമുണ്ടാവുകയും ചെയ്തു. ആയതിനാൽ അടിയന്തിരമായി ഈ പണികൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

**കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :** ഈ പദ്ധതിക്ക് ഇതുവരെ പതിനാല് കോടി മുപ്പത്തിയഞ്ച് ലക്ഷത്തിലധികം രൂപ ചെലവഴിച്ചു. ഇനി 2.09 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ് കെ.എൽ.ഡി.സി. തയ്യാറാക്കി തൃശൂർ കോൾ വികസന ഏജൻസിവഴി 4.7.2007-ൽ സമർപ്പിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചശേഷം പാറക്കെട്ടുകൾ നീക്കംചെയ്ത് കനാൽ നിർമ്മിക്കുന്ന പ്രവൃത്തി കെ.എൽ.ഡി.സി.വഴി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### (18) കൽപ്പറ്റയിലെ റോഡുകളുടെ ശോച്യാവസ്ഥ

**ശ്രീ. എം. വി. ശ്രേയാംസ് കുമാർ :** കാലവർഷം ശക്തിപ്പെട്ടതോടെ കൽപ്പറ്റയിലെ ഗ്രാമീണ റോഡുകൾ തകർന്നിരിക്കുന്നു. പട്ടിയോരത്ത് ആദിവാസി കോളനിയിലുള്ള റോഡ് ഒലിച്ചുപോയതിനാൽ ദുരിതാശ്വാസപ്രവർത്തനം നടത്താൻപോലും സാധിച്ചില്ല. ഒരു പഞ്ചായത്തിൽമാത്രം 10 റോഡുകൾ തകർന്നു. 2005-ൽ തുടങ്ങുമെന്ന് പറഞ്ഞ ഊട്ടുപാറ-ചെന്നിലോട് റോഡിന്റെ പണി സാങ്കേതിക കാരണങ്ങൾമൂലം ഇതുവരെയും ആരംഭിച്ചില്ല. കാലവർഷക്കെടുതിയിൽ തകർന്നുപോയ ചുരം റോഡിന്റെ പണിയും അടിയന്തിരമായി നടത്തണം. ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടുകൊണ്ട് ഈ റോഡുകൾ ഗതാഗതയോഗ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള) :** കാലവർഷക്കെടുതിമൂലം കേടായ വയനാട്ടിലെ റോഡുകളിലെ കുഴികളടച്ച് ഗതാഗതയോഗ്യമാക്കുന്നതാണ്. ചെന്നിലോട്-കൊല്ലൂർ, ഊട്ടുപാറ-ചെന്നിലോട് എന്നീ റോഡു

കൾ പഞ്ചായത്ത് ആക്ട്പ്രകാരം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. മേപ്പാടി-നിലമ്പൂർ റോഡിന്റെ 1 മുതൽ 12 വരെയുള്ള റീച്ചിന്റെ പുനരുദ്ധാരണ ത്തിനും കൽപ്പറ്റ-മേപ്പാടി റോഡ് നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നുണ്ട്. മേപ്പാടി-നിലമ്പൂർ റോഡിന്റെ ബാക്കി പണികൾ വനഭൂമി വിട്ടു കിട്ടുന്ന മുറയ്ക്ക് നടത്തുന്നതാണ്. സ്ഥലമെടുപ്പ് നടപടികൾ നടക്കുന്നുണ്ട്.

**(19) പാലക്കാട് മുനിസിപ്പാലിറ്റിയിൽ ലോറി സ്റ്റാന്റിനുള്ള സ്ഥലം**

**ശ്രീ. കെ. കെ. ദിവാകരൻ** : പാലക്കാട് മുനിസിപ്പാലിറ്റിയിലെ മഞ്ഞ ക്കുളത്ത് ഏറ്റെടുത്ത 14 ഏക്കർ സ്ഥലത്ത് 4 ഏക്കർ സ്ഥലം ലോറി സ്റ്റാന്റിനും ബസ് സ്റ്റാന്റിനുമായി നിശ്ചയിക്കുകയും നഗരസഭയുടെ ബഡ്ജറ്റിൽ ബസ് സ്റ്റാന്റിന് 5 ലക്ഷം രൂപയും ലോറി സ്റ്റാന്റിന് 3 ലക്ഷം രൂപയും നീക്കി വയ്ക്കുകയും ചെയ്തു. ലാന്റ് അക്വിസിഷൻ ആക്ട് അനുസരിച്ച് അർജൻസി ക്ളാസ് വച്ചുകൊണ്ട് സ്ഥലം പൊന്നുംവിലയ്ക്കെടുക്കാൻ സർക്കാരിനോട് അനുവാദം ചോദിക്കുകയും ഭൂഉടമയും സർക്കാരും തമ്മി ലുള്ള തർക്കംമൂലം ഈ പ്രവൃത്തി നടക്കാതിരിക്കുകയുമാണ്. ഇത് സംബന്ധിച്ച കേസിൽ ഹൈക്കോടതി നഗരസഭയ്ക്ക് അനുകൂലമായി ഉത്ത രവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ വിഷയത്തിൽ മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുള്ളതുപ്രകാരം അടിയന്തിരമായി വിജിലൻസ് അന്വേഷണം നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി)** : പാലക്കാട് നഗരസഭയിൽ മഞ്ഞക്കുളത്ത് ലോറി സ്റ്റാന്റ് നിർമ്മിക്കുന്നതിന് സ്ഥലം അക്വയർ ചെയ്യാൻ 15.4.1997-ൽ തീരുമാനിച്ച് നഗരസഭയുടെ ബഡ്ജറ്റിൽ തുക വകകൊള്ളിച്ചു. പ്രസ്തുത സ്ഥലത്തിന്റെ ഒരുഭാഗത്ത് വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. കെ. എ. അജീം

അപേക്ഷ നൽകി. ഡി.ടി.പി. സ്കീമിൽപ്പെട്ട സ്ഥലമായതിനാലും പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിരുന്നതിനാലും നഗരസഭ അനുമതി നിഷേധിക്കുകയുണ്ടായി. ഇതിനെതിരെ സർക്കാരിന് നൽകിയ അപ്പീലിൽ നഗരസഭ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് ചൂണ്ടിക്കാട്ടി മേഖലാ നിയന്ത്രണത്തിൽനിന്ന് ഇളവ് അനുവദിച്ച് 2.9.2004-ൽ സർക്കാർ ഉത്തരവിടുകയും ഇതിനെത്തുടർന്ന് നിർമ്മാണ അനുമതി നൽകുകയും ചെയ്തു. നിർദ്ദിഷ്ട സ്ഥലത്ത് വാണിജ്യാവശ്യത്തിന് അഹമ്മദ് മുതൽ പേർ നൽകിയ അപേക്ഷയും ഇതേ കാരണത്താൽ ആദ്യം നിരസിച്ചുവെങ്കിലും ഇതിനെതിരായി നൽകിയ അപ്പീൽ പരിഗണിച്ച് ഗവൺമെന്റ് മേഖലാ ഇളവ് നൽകി ഉത്തരവായി. ഗവൺമെന്റ് അനുമതി ലഭിച്ചതിനാൽ ഏതാനും വ്യവസ്ഥകൾക്ക് വിധേയമായി നഗരസഭ 2 നിർമ്മാണങ്ങൾക്കും അനുമതി നൽകുകയും ചെയ്തു. രേഖകൾ പരിശോധിച്ചതിൽ നഗരസഭയുടെ തീരുമാനം കണക്കിലെടുക്കാതെയാണ് അനുമതി നൽകിയതെന്ന് കാണാവുന്നതാണ്. അക്വിസിഷൻ നടപടി താമസിപ്പിച്ചുകൊണ്ട് പരാതിക്കാർക്ക് സഹായകരമായ രീതിയിൽ അന്നത്തെ സർക്കാരും നഗരസഭയും പ്രവർത്തിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (20) കോഴിക്കോട് വേങ്ങരയിലുള്ള കാർഷിക വിപണന കേന്ദ്രം

**ശ്രീ. എ. പ്രദീപ് കുമാർ** : യൂറോപ്യൻ സാമ്പത്തിക സമൂഹവും കേരള സർക്കാരുംകൂടി 12 കോടിയോളം രൂപ മുതൽമുടക്കി വളരെ വിപുലമായ സംവിധാനത്തോടുകൂടി കർഷകരുടെ അഭിവൃദ്ധി ലക്ഷ്യം വച്ചുകൊണ്ടും കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് ലേലംചെയ്ത് വിൽക്കാനും കഴിയുന്ന തരത്തിൽ കോഴിക്കോട് കോർപ്പറേഷനതിർത്തിയിൽ

വേങ്ങരയിൽ 2000 -ൽ ആരംഭിച്ച കാർഷിക വിപണന കേന്ദ്ര കെട്ടിട സമുച്ച യത്തിനുവേണ്ടി ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

**കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ)** : കേരളത്തിലെ ആറ് കാർഷിക വിപണന കേന്ദ്രങ്ങളും വിപുലീകരിക്കുന്നതിനും അവ കർഷ കർക്ക് ഉപകാരപ്രദമായി മാറ്റാനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടു ണ്ട്. കേരള ഗവൺമെന്റ് കർഷക വിപണന നിയന്ത്രണ നിയമം കൊണ്ടുവ രാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ കോഴിക്കോട് ടൗണിൽനിന്നും അകന്നു നിൽക്കുന്ന വേങ്ങര മാർക്കറ്റിൽ കർഷകർക്ക് നേരിട്ട് ഉൽപ്പന്നങ്ങൾ എത്തി ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപെടുത്തിക്കൊണ്ട് മാർക്കറ്റിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതാണ്.

**(21) എൻ.എച്ച്-17-ൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആർ.ഒ.ബി.യുടെ പണി**

**ശ്രീ. പി. വിശ്വൻ** : എൻ.എച്ച് 17-ലെ കോഴിക്കോട് -കണ്ണൂർ റൂട്ടിലെ നന്ദി-മുഴുപ്പിലങ്ങാട് ആർ.ഒ.ബി.കളുടെ പണി എത്രയും പെട്ടെന്ന് പൂർത്തി യാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള)**: എൻ.എച്ച് 17-ൽ നിർമ്മാണത്തിലിരിക്കുന്ന ഇടപ്പള്ളി ആർ.ഓ.ബി.യുടെ വർക്ക് പുരോഗതിയി ലാണ്. നന്ദി ആർ.ഒ.ബി.യുടെ 15 സ്പാനുകൾ പൂർത്തിയാക്കുകയും റെയിൽവേയുടെ ഭാഗത്തുള്ള ഒരു സ്പാനിന്റെ വർക്കിന് അംഗീകാരം കിട്ടുകയും ചെയ്തിട്ടുണ്ട്. മുഴുപ്പിലങ്ങാട് ആർ.ഒ.ബി. യ്ക്ക് റെയിൽവേയുടെ ഭാഗത്തെ 3 സ്പാനുകളുടെ അവശേഷിച്ച അപ്രോച്ച് റോഡിന്റെ വർക്കു കൾക്ക് 2007 ജനുവരിയിൽ ടെന്റർ വിളിക്കുകയും റേറ്റ് കുറയ്ക്കാൻ ആവശ്യ പ്പെടുകയും ചെയ്തതിനാൽ അതിന്മേൽ തീരുമാനമെടുക്കേണ്ടതുണ്ട്.

## (22) കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ എം.ഡി.ആർ.ആക്കി പ്രഖ്യാപിക്കേണ്ടതിന്റെ ആവശ്യകത

**ശ്രീ. കെ. സി. ജോസഫ്** : കണ്ണൂർ ജില്ലയിലെ എല്ലാ എം.എൽ.എ.മാരുടെയും ആവശ്യമാണ് ഉന്നയിക്കുന്നത്. പി.ഡബ്ള്യു.ഡി.യുടെ കീഴിലുള്ള റോഡ് പണികളൊന്നും ഇനി ഏറ്റെടുക്കേണ്ടതില്ലായെന്ന 15.03.2007-ലെ സർക്കുലർ പിൻവലിക്കുകയും സ്റ്റാറ്റസ്കോ പുന:സ്ഥാപിക്കുകയും ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 42 റോഡുകളുടെ പണി പൂർത്തീകരിക്കുകയും ചെയ്യണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള)** : കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 24 റോഡുകൾ, 202.36 കി.മീ. ഉൾപ്പെടെയുള്ള 13745 കി.മീ. ജില്ലാ റോഡുകളും ഗ്രാമീണ റോഡുകളും പ്രധാന ജില്ലാ റോഡുകളായി ഉയർത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. എങ്കിലും പഞ്ചായത്ത് രാജ്, ഹൈവേ പ്രൊട്ടക്ഷൻ ആക്ടുകൾ പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അവ ഏറ്റെടുക്കുന്നതാണ്.

## (23) കെ. എസ്. ഐ. ഇ. നടത്തിവന്നിരുന്ന കാർഗോ കോംപ്ളക്സ്

**ശ്രീ. ജോർജ്ജ് മേഴ്സിയർ**: എയർപോർട്ട് ടെർമിനൽ ചാക്കയിലേയ്ക്ക് മാറ്റുന്നതോടൊപ്പം കെ.എസ്.ഐ.ഇ. നടത്തിവരുന്ന കാർഗോ കോംപ്ളക്സും മാറ്റി സ്ഥാപിക്കുന്നതിന് പറ്റിയ സ്ഥലം ചൂണ്ടിക്കാണിക്കണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയോട് ഗവൺമെന്റ് നിരന്തരമായി ആവശ്യപ്പെട്ടിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ വളരെ ലാഭകരമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന്റെ തുടർന്നുള്ള നടത്തിപ്പും കെ.എസ്.ഐ.ഇ.യ്ക്കുതന്നെ ആയിരിക്കു

മെന്നും കാർഗോ കോംപ്ളക്സ് മാറ്റി സ്ഥാപിക്കാൻ അനുയോജ്യമായ ലൊക്കേഷൻ കാണിച്ചുതരണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി കത്തെഴുതിയിട്ടുണ്ട്. എയർപോർട്ട് അതോറിറ്റിയുമായി ഒപ്പിട്ട ധാരണാപത്രം പ്രകാരം കാർഗോ കൈകാര്യം ചെയ്യുന്നതിന്റെ വരുമാനത്തിന്റെ 25 ശതമാനം എയർപോർട്ട് അതോറിറ്റിക്ക് നൽകിവരുന്നുണ്ട്. ധാരണാപത്രത്തിന്റെ കാലാവധി 2007 ആഗസ്റ്റിൽ അവസാനിക്കുകയാണ്. കാർഗോ കോംപ്ളക്സ് സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽത്തന്നെ തുടരാനുള്ള നടപടികൾ സ്വീകരിക്കണം.

**വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :** തിരുവനന്തപുരം എയർപോർട്ടിൽ കെ.എസ്.ഐ.ഇ. നടത്തിവരുന്ന എയർ കാർഗോ കോംപ്ളക്സ് ശംഖുമുഖത്താണ് സ്ഥിതിചെയ്യുന്നത്. എയർപോർട്ട് ടെർമിനൽ ചാക്കയിലേയ്ക്ക് മാറ്റുന്നതോടൊപ്പം കാർഗോ കോംപ്ളക്സും മാറ്റി സ്ഥാപിക്കേണ്ടിവരും. കെ.എസ്.ഐ.ഇ. ആവശ്യപ്പെട്ടതനുസരിച്ച് ഇതിനാവശ്യമായ സ്ഥലം ചാക്ക ഭാഗത്ത് നൽകാൻ തിരുവനന്തപുരം ഡെവലപ്മെന്റ് സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനമായിട്ടുണ്ട്. എന്നാൽ സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടും കാർഗോ കോംപ്ളക്സിന് അനുയോജ്യമായ ലൊക്കേഷൻ എയർപോർട്ട് അതോറിറ്റി ചൂണ്ടിക്കാണിച്ച് തന്നിട്ടില്ല. ഇക്കാര്യത്തിൽ വളരെ വേഗം തീരുമാനമെടുക്കണമെന്ന് സിവിൽ വ്യോമയാന മന്ത്രിയോട് രേഖാമൂലം ആവശ്യപ്പെടുകയും ചർച്ച ചെയ്യുന്നതുമാണ്. മുഖ്യമന്ത്രിയും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ഉൾപ്പെടെയുള്ളവർ തിരുവനന്തപുരം എയർപോർട്ട് വികസനവുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയിലും ഈ പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുള്ളതാണ്. കാർഗോ കോംപളക്സ് മാറ്റിസ്ഥാപിക്കാനാവശ്യമായ ലൊക്കേഷൻ എത്ര

യുംവേഗം ചൂണ്ടിക്കാണിച്ച് തരണമെന്നാവശ്യപ്പെട്ട് വീണ്ടും കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ട്. കോഴിക്കോട് എയർപോർട്ടിലും കാർഗോ കോംപ്ളക്സിന്റെ ജോയിന്റ് വെഞ്ചറിന് പുതിയ ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യം എയർപോർട്ട് അതോറിറ്റിയുമായി ചർച്ച ചെയ്ത് ഈ രണ്ട് കാര്യത്തിലും കെ.എസ്.ഐ.ഇ.യുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള തീരുമാനമെടുക്കുന്നതാണ്.

## (24) കടുത്തുരുത്തിയിലെ സീഡ് ഫാമുകളുടേയും ജില്ലാ കൃഷിത്തോട്ടത്തിന്റെയും സമഗ്ര വികസനം

**ശ്രീ. മോൻസ് ജോസഫ് :** കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് കോഴയിലുള്ള കോട്ടയം ജില്ലാ കൃഷിത്തോട്ടത്തെയും കടുത്തുരുത്തിയിലുള്ള സ്റ്റേറ്റ് സീഡ് ഫാമും പ്രാദേശിക സീഡ് ഫാമും പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള വികസന പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് സംഭരണ സംസ്ക്കരണ കേന്ദ്രം ആരംഭിക്കുകയും കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു അനുബന്ധ യൂണിറ്റ് തുടങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. ഇക്കാര്യങ്ങൾ ചർച്ച ചെയ്യാനും തുടർ നടപടികൾ സ്വീകരിക്കാനുമായി ഒരു ഉന്നതതല യോഗം വിളിച്ചുചേർക്കണം.

**കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) :** കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എല്ലാ കൃഷിത്തോട്ടങ്ങളുടെയും സമഗ്ര വികസനവും രണ്ട് ഫാമുകളുടെയും ദൈനംദിന പ്രവർത്തനങ്ങളും ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുകയാണ്. കേരളത്തിലെ എല്ലാ ഫാമുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഒരു സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഫാമിന്റെ പ്രവർത്ത

നങ്ങൾ സമഗ്രമായി തയ്യാറാക്കുന്നതിനും നവീകരിക്കുന്നതിനും യോഗം വിളിച്ചുചേർത്ത് തീരുമാനമെടുക്കുന്നതാണ്.

## (25) നടക്കാവ്-കൂത്താട്ടുകുളം റോഡിന്റെ പുനരുദ്ധാരണം

**ശ്രീ. എം. ജെ. ജേക്കബ്** : കൊച്ചിയെയും ശബരിമലയെയും ബന്ധിപ്പിക്കുന്ന മൂന്ന് മണ്ഡലങ്ങളിലുടെ കടന്നുപോകുന്ന നടക്കാവ്-കൂത്താട്ടുകുളം റോഡ് പണിക്ക് 21 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് അടിയന്തിരമായി പണി നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

**മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി. യു. കുരുവിള)** : നടക്കാവ്-കൂത്താട്ടുകുളം റോഡിന്റെ പുനരുദ്ധാരണത്തിനായി ഈ വർഷം 45 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു നിയോജകമണ്ഡലത്തിൽ ഒരു പ്രവൃത്തി എന്ന പദ്ധതി പ്രകാരം എം.എൽ.എ.തന്നെ 100 ലക്ഷം രൂപയുടെ റോഡ് പണി നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. നടക്കാവ് റോഡിനുള്ള എസ്റ്റിമേറ്റ് 21 കോടി രൂപയാണ്. നടപ്പ്വർഷം ഇതിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## (26) ഇടുക്കി ജില്ലയിലെ കാർഷിക പ്രതിസന്ധി

**ശ്രീ. കെ. കെ. ജയചന്ദ്രൻ** : അതിരൂക്ഷമായ കാർഷിക പ്രതിസന്ധിയെത്തുടർന്ന് കടക്കെണിയിലായ കർഷകർ ആത്മഹത്യ ചെയ്യുകയാണ്. കേരളത്തിലെ 3 ജില്ലകളെ പ്രത്യേക കാർഷിക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയെ ഈ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

**കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):** കേരള ഗവൺമെന്റ് വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളോടൊപ്പം ആലപ്പുഴ യെയും ഇടുക്കിയെയുംകൂടി കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക കാർഷിക പദ്ധതിയിലുൾപ്പടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആലപ്പുഴ ജില്ലയ്ക്ക് വേണ്ടി സ്വാമിനാഥൻ ഫൗണ്ടേഷൻ ഉണ്ട്. അതിന്റെ റിപ്പോർട്ട് സമർപ്പിക്കാ വുന്ന നിലയിലാണ്. അതിനുശേഷം ഇടുക്കി ജില്ലയെക്കുറിച്ചുള്ള ഒരു പ്രോജക്ട് തയ്യാറാക്കുമെന്നാണ് അവർ അറിയിച്ചിട്ടുള്ളത്.

**(27) കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഓഫീസ് -കം-ഷോപ്പിംഗ് കോംപ്ളക്സിന്റെ നിർമ്മാണം**

**ശ്രീ. സി. ടി. അഹമ്മദ് അലി:** കാസർഗോഡ് ജില്ലയിൽ കെ. എസ്. ആർ. ടി. സി. ഓഫീസ്- കം-ഷോപ്പിംഗ് കോംപ്ളക്സിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള ടെൻഡർ നടപടികളെല്ലാം പൂർത്തീകരിച്ചിട്ട് വളരെക്കാലമായെങ്കിലും അതിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നിർമ്മാണം ആരംഭിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

**ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):** കാസർഗോഡ് ജില്ലയിൽ ഒരു കെ. എസ്. ആർ. ടി. സി. ഓഫീസ്- കം-ഷോപ്പിംഗ് കോംപ്ളക്സിന്റെ നിർമ്മാണത്തിനായി തറക്കില്ലിട്ട് ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാർ നൽകുകയും എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥലത്ത് ഉണ്ടായിരുന്ന പഴയ കെട്ടിടങ്ങൾ വളരെ വേഗത്തിൽ പൊളിച്ചു മാറ്റിക്കൊണ്ടിരിക്കുകയാണ്. കെട്ടിട നിർമ്മാണത്തിന് വേണ്ട മുനിസിപ്പാലിറ്റി യുടെ അനുവാദം പുതുക്കി ലഭിച്ചാലുടനെ നിർമ്മാണപ്രവർത്തനം ആരംഭി

ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. താൽപ്പര്യമുള്ള വ്യാപാരി-വ്യവസായികളിൽ നിന്നും പലിശരഹിത ഡെപ്പോസിറ്റുകൾ സ്വരൂപിച്ച് നിർമ്മാണപ്രവർത്തനം നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഡെപ്പോസിറ്റുകൾ ലഭിക്കുന്നതനുസരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### (28) ചേറ്റുവ മത്സ്യബന്ധന തുറമുഖ നിർമ്മാണം

**ശ്രീ. ടി. എൻ. പ്രതാപൻ**: തൃശൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട മത്സ്യബന്ധന ഫിഷ്ലാന്റിംഗ് സെന്ററായ ചേറ്റുവയിൽ മത്സ്യബന്ധന തുറ മുഖം ആരംഭിക്കുന്നതിന് വിശദമായ പദ്ധതിരേഖ തയ്യാറാക്കി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന് സമർപ്പിക്കുകയും അത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും നിയമസഭയിലെ ബഡ്ജറ്റ് പ്രസംഗത്തിലും ചേറ്റുവയിൽ ഈ വർഷം മത്സ്യബന്ധന തുറമുഖം ആരംഭിക്കുമെന്ന് പ്രഖ്യാ പിക്കുകയും നിയമസഭാ സബ്ജക്ട് കമ്മിറ്റി അതിന് പ്രത്യേക ഹെഡ്ഡും പണവും നീക്കിവയ്ക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിനുവേണ്ടി പ്രത്യേക ഹെഡ് അനുവദിച്ചിട്ടില്ല. അത് അനുവദിക്കുന്നതിനും ചേറ്റുവയിൽ മത്സ്യബന്ധന തുറമുഖം ആരംഭിക്കുന്ന തിനും ആവശ്യമായ നടപടി സ്വീകരിക്കണം.

**ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ)**: തൃശൂർ ജില്ലയിലെ ചേറ്റുവയിൽ നിലവിലുള്ള ഫിഷ്ലാന്റിംഗ് സെന്റർ ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതിന് 21.27 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് 27-07-2006-ന് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും

പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുവാദം 16-05-2007-ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നുള്ള അനുവാദം ഇനിയും ലഭിക്കേണ്ടതുണ്ട്. അത് ലഭിച്ചാൽ മാത്രമേ സംസ്ഥാന സർക്കാരിന്റെ ഭരണാനുവാദം നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ ചേറ്റുവ ഉൾപ്പെടെയുള്ള പുതിയ ഫിഷിംഗ് ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ അടക്കമുള്ള പ്രവർത്തനങ്ങൾക്ക് മൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ഇതിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## (29) <u>കെ. എൽ ഡി. പി. കനാലുകളുടെ നവീകരണം</u>

<u>**ശ്രീ. തോമസ് ഉണ്ണിയാടൻ**</u>: ഇപ്രാവശ്യത്തെ വെള്ളപ്പൊക്കത്തിൽ ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകൾ വെള്ളത്തിലാവുകയും ആറുപേർ മരണമടയുകയും വീടുകളിൽ വെള്ളം കയറിയതുമൂലം ആളുകളെ 17 ദുരിതാശ്വാസ കേന്ദ്രങ്ങളിലായി മാറ്റി താമസിപ്പിച്ചിരിക്കുകയുമാണ്. കെ. എൽ. ഡി. പി. കനാലുകളിൽ കൂടി വെള്ളം ഒഴുകിപ്പോകാത്തതാണ് വെള്ളപ്പൊക്കത്തിന് പ്രധാന കാരണം. കെ. എൽ. ഡി. പി. കനാലുകൾ നവീകരിക്കുന്നതിനും വെള്ളമൊഴുക്ക് സുഗമമാക്കുന്നതിനുമായി താനിശ്ശേരിയിൽ കെ. എൽ. ഡി. പി. കനാലിന് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് പണിയാനുമുള്ള നടപടി കൃഷി വകു

പ്പിന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പിനെയും ജലസേചന വകുപ്പിനെയും സഹകരിപ്പിച്ചുകൊണ്ട് അടിയന്തിരമായി സ്വീകരിക്കണം.

**കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):** കെ. എൽ. ഡി. പി. കനാലുകളുടെ നവീകരണത്തിനായി ജില്ലാ പഞ്ചായത്തു വഴി ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും തൃശൂർ കോൾനില വികസന ഏജൻസികൾ മുഖേന ഒരു പദ്ധതി സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികൾ വേഗ ത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കനാലിന് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പു കളുമായും പ്രദേശത്തെ ജനപ്രതിനിധികളുമായും ചർച്ച നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സു കൾ മേശപ്പുറത്തു വച്ചു.

## റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2. 2007-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ താൽക്കാലികമായി നിർത്തി വയ്ക്കൽ ബില്ലിനെ സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
3. പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയെട്ട് മുതൽ മുപ്പത്തി യാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.
4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

5. ഹർജികൾ സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ധനകാര്യം

### 2007-2008 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

2007-2008 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

**ശ്രീ. സി. പി. മുഹമ്മദ്:** ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. VAT സമ്പ്രദായം കൊണ്ട് നികുതി വർദ്ധനവിൽ അൽപ്പം പുരോഗതിയുണ്ടായെങ്കിലും സംസ്ഥാനത്തെ മൗലികമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ ലോട്ടറിക്കാരിൽ നിന്നും കിട്ടാനുള്ള 7500 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കൃഷിയെയും പരമ്പരാഗത വ്യവസായങ്ങളെയും മറക്കുന്ന, പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന, സംസ്ഥാനത്തെ പകർച്ച വ്യാധികളുടെ നാടാക്കുന്ന ഭരണകൂടമാണ് ഇവിടെയുള്ളത്. ജനങ്ങൾ ഏറ്റവും കൂടുതൽ നിക്ഷേപിക്കുന്നത് ഓഹരികളിലാണ്. കാർഷിക രംഗത്ത് പുതിയ ഒരു ചലനവും ഉണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. എല്ലാ മേഖലകളിലും സംസ്ഥാനം തകർന്നുകൊണ്ടിരിക്കുകയാണ്. ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ

എല്ലാ പഞ്ചായത്തുകളിലും മലിനീകരണ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കണം. എം. എൽ. എ. ഫണ്ട് വർദ്ധിപ്പിക്കണം.

**ശ്രീ. സി.കെ. സദാശിവൻ** : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ധനകാര്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളി ന്മേൽ വിജയം കണ്ടുതുടങ്ങിയിരിക്കുകയാണ്. 2010-2011 ആകുമ്പോൾ റവന്യൂ കമ്മി ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ ഒരു വർഷക്കാലംകൊണ്ട് ധനകാര്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. ലക്ഷ്യം നേടാനുള്ള ധനകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പരമാവധി പിരിക്കാവുന്ന നികുതികൾ പിരിച്ച് 2006-07-ൽ നികുതിവരുമാനം 23.17 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. സാധാരണക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ പിടിച്ചുവയ്ക്കാതെയും താഴ്ന്ന തസ്തികയിലുള്ള ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുക്കാതെയും വിലക്കയറ്റം നിയന്ത്രിച്ചും വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്നത് പ്രശംസനീയമാണ്. ഈ ഗവൺമെന്റ് 21 മാസത്തെ ക്ഷേമപെൻഷൻ കുടിശ്ശിക വിതരണം ചെയ്തു. ഓണത്തിന് മുമ്പ് ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം സ്വാഗതാർഹമാണ്. കാർഷിക കടാശ്വാസത്തിനായി 100 കോടി രൂപ മാറ്റിവച്ചത് ശ്രദ്ധേയമാണ്. ഒരു ക്വിന്റൽ നെല്ലിന് 850 രൂപ താങ്ങുവില പ്രഖ്യാപിച്ചതിലൂടെ നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഈ മേഖലയിലെ കർഷകരെ സഹായിക്കാനും സാധിച്ചു. കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കും പ്രളയക്കെടുതിമൂലം മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും 50,000 രൂപ വീതം ധനസഹായം വിതരണം ചെയ്തു.

പ്രകൃതിഷോഭമുണ്ടായപ്പോഴും പകർച്ചപ്പനി പടർന്നപ്പോഴും ഗവൺമെന്റ് ഇച്ഛാശക്തിയോടെ ഇടപെട്ട് പ്രവർത്തിച്ചു. കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവർക്ക് ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ ലിസ്റ്റ് തയ്യാറാക്കി സൗജന്യ റേഷൻ വിതരണം ചെയ്തു. പ്രകൃതിദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ആയിരം കോടി രൂപ കേന്ദ്രത്തോട് ആവശ്യപ്പെട്ടുവെങ്കിലും ഒരു നയാപൈസപോലും ലഭ്യമാകാത്ത സാഹചര്യത്തിൽ ജനകീയ താല്പര്യം മുൻനിർത്തി തക്കസമയത്ത് ഈ ഗവൺമെന്റ് ഇടപെട്ട് സഹായമെത്തിക്കാൻ നടപടി സ്വീകരിച്ചു. കടുത്ത സാമ്പത്തിക അച്ചടക്കം പാലിച്ച് വരുമാനം വർദ്ധിപ്പിക്കാനും റവന്യൂ കമ്മിയും ധനക്കമ്മിയും കുറയ്ക്കാനുമുള്ള നടപടികളുമായി ഈ ഗവണ്മെന്റ് മുന്നോട്ടുപോവുകയാണ്. നികുതി പിരിവിൽ സർവ്വകാല റിക്കാർഡാണ് കൈവരിച്ചിട്ടുള്ളത്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി ഈ ഗവൺമെന്റ് പാലിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തെ സാമ്പത്തിക ഭദ്രതയിലേയ്ക്ക് നയിക്കുന്ന ഈ മുന്നണിയുടെ പ്രയാണത്തെ തടയാനുള്ള ശ്രമങ്ങളാണ് പ്രതിപക്ഷത്തുനിന്നുമുണ്ടാകുന്നത്. 95000 പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന സ്മാർട്ട് സിറ്റിയുടെ പ്രവർത്തനം ആരംഭിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. മൂന്നാറിലെ ഭൂമി ഒഴിപ്പിക്കൽ നടപടി തുടരുന്നതാണ്. ഭരണഘടനാപരമായി ന്യൂനപക്ഷങ്ങൾക്ക് ലഭിക്കേണ്ട എല്ലാ പരിരക്ഷയും ഗവൺമെന്റ് നൽകുന്നതാണ്. മതന്യൂനപക്ഷ താല്പര്യം കാത്തുസൂക്ഷിച്ച പാരമ്പര്യമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്കുള്ളത്. ന്യൂനപക്ഷ വിഭാഗങ്ങളുൾപ്പെടെയുള്ള പാവപ്പെട്ട കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കണമെന്നത് എങ്ങനെയാണ് ന്യൂനപക്ഷവിരോധമാകുന്നതെന്ന് മനസ്സിലാകുന്നില്ല. സ്വാശ്രയ

നിയമത്തിലെ പ്രശ്നങ്ങൾ പരിഹരിച്ച് സമവായമുണ്ടാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. മതന്യൂനപക്ഷ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. വിദ്യാഭ്യാസ മേഖലയിൽ ക്രൈസ്തവ സഭകൾ നൽകിയ സേവനങ്ങൾ ഈ ഗവൺമെന്റ് വിസ്മരിക്കുന്നില്ല. മതന്യൂനപക്ഷത്തിന്റെ പേരുപറഞ്ഞ് വർഗ്ഗീയ കലാപമുണ്ടാക്കാനുള്ള പ്രതിപക്ഷ നീക്കം ഉപേക്ഷിക്കണം.

**ശ്രീ. സി.ടി. അഹമ്മദ് അലി**: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ ധനകാര്യ മാനേജുമെന്റിന്റെ വീഴ്ചയും പോരായ്മയും കാരണം സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനത്തെ ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം ഇറക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. നൽകുന്ന വാഗ്ദാനങ്ങൾ നടപ്പാക്കാൻ ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ഉപധനാഭ്യർത്ഥനയിൽ വച്ചിട്ടില്ല. ആരോഗ്യ വകുപ്പിൽ രോഗികളുടെ ബാഹുല്യമനുസരിച്ച് ഡോക്ടർമാർ ഉൾപ്പെടെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കാൻ കഴിയണം. ഓരോ പി.എച്ച്.സി.കളിലും രണ്ട് ഡോക്ടർമാരെ വീതം നിയമിക്കുന്നതിനും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഫണ്ട് നീക്കിവച്ചിട്ടില്ല. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ കുട്ടികൾക്ക് ഉപരിപഠനത്തിന് സൗകര്യം ലഭിക്കത്തക്കവിധം പുതിയ ബാച്ചുകളും ഹയർ സെക്കണ്ടറി സ്കൂളുകളും ഹൈസ്ക്കൂളുകളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കാൻ നടപടിയുണ്ടാകണം. പല സ്ഥാപനങ്ങളിലും പ്രിൻസിപ്പൽമാരും ഹെഡ്മാസ്റ്റർമാരും ആവശ്യത്തിന് പാഠ പുസ്തകങ്ങളും ഇല്ലാത്ത അവസ്ഥയാണുള്ളത്. പൊതുമരാമത്ത് റോഡുകളിലൂടെ

സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കാലവർഷക്കെടുതിമൂലം തകർന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് ആവശ്യമായ ഫണ്ട് നീക്കിവച്ചിട്ടില്ല. സിമന്റ്, കമ്പി തുടങ്ങിയ സാധനങ്ങളുടെ വില വർദ്ധനവുമൂലം പല നിർമ്മാണ പ്രവർത്തനങ്ങളും പ്രതിസന്ധിയിലാണ്. അതുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് ആവശ്യമായ ഫണ്ട് അനുവദിക്കണം. കേന്ദ്രാനുമതി ലഭിച്ച കണ്ണൂർ-മംഗലാപുരം നാലുവരിപ്പാത നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ച് എത്രയുംവേഗം പ്രാവർത്തികമാക്കണം. എക്സ്പ്രസ് ഹൈവേ, കെ.എസ്.ടി.പി. റോഡ് എന്നിവയുടെ പണി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. പച്ചക്കറി തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സിവിൽ സപ്ളൈസ് കോർപ്പറേഷന് കൂടുതൽ ഫണ്ട് അനുവദിക്കണം. എല്ലാ വിഭാഗക്കാർക്കും വിവാഹ രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ടുള്ള സുപ്രീം കോടതിവിധി ശരിയത്ത് നിയമത്തിന് എതിരാണ്. ഇത് സംബന്ധിച്ച് മത സംഘടനകളുമായി ചർച്ച ചെയ്ത് സമവായമുണ്ടാക്കി നിയമനിർമ്മാണം നടത്തണം. അമിതമായ വിമാനച്ചാർജ്ജ് വർദ്ധന പിൻവലിക്കാൻ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തണം. ഗൾഫ് മലയാളികളുടെ ക്ഷേമപദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക വകയിരുത്തണം.

<u>**ശ്രീ. പി. തിലോത്തമൻ:**</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ 14 മാസക്കാലം കൊണ്ട് തിളക്കമാർന്ന നേട്ടങ്ങൾ കാഴ്ച വയ്ക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കേണ്ടതിനുപകരം വിലയിടിച്ചുകാണിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഭരണം കൊണ്ട് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് സംസ്ഥാനത്തെ സാമ്പത്തിക

തകർച്ചയുടെ വക്കിലെത്തിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തി സാമ്പത്തികമേഖലയെ രക്ഷിക്കുന്നതിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. റവന്യൂ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ ആവശ്യമായ അനുകൂല നിലപാടുകൾ സ്വീകരിച്ചു. കേന്ദ്ര വിഭവ കൈമാറ്റത്തിൽ നിഷേധാത്മക നിലപാടാണ് കേന്ദ്രത്തിൽ നിന്നുണ്ടാകുന്നത്. പദ്ധതിച്ചെലവുകൾ തനത് വരുമാനത്തിന്റെ 93 ശതമാനത്തിൽ എത്തിനിൽക്കുകയും വരുമാനം പത്ത് ശതമാനം വർദ്ധിക്കുമ്പോൾ ചെലവ് 15 ശതമാനം വർദ്ധിക്കുകയും ചെയ്യുന്ന സമയത്ത് സംസ്ഥാനത്തിന് ഏറെ നാൾ മുന്നോട്ടുപോകാൻ കഴിയില്ല എന്നു വന്നപ്പോഴാണ് ക്രിയാത്മകമായ നടപടികളിലൂടെ സാമ്പത്തിക ഘടനയെ ശക്തിപ്പെടുത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് തുടക്കം കുറിച്ചത്. ആരോഗ്യം, വിദ്യാഭ്യാസം, ശുദ്ധജലവിതരണം, ശുചീകരണം തുടങ്ങിയ സേവന മേഖലകളിൽ ബഡ്ജറ്റ് വിഹിതത്തിൽ ഗണ്യമായ കുറവാണ് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് വരുത്തിയത്. അതിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ മെച്ചപ്പെട്ട നികുതി പിരിവ് എല്ലാ തലങ്ങളിലുമുണ്ടായിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ പുതിയ സമീപനത്തിന് തുടക്കം കുറിച്ചു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാനും പാട്ടക്കരാർ പുതുക്കാനും നടപടിയെടുക്കുന്ന സർക്കാർ, ഭൂനികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തണം. ഏറ്റവും കൂടുതൽ നികുതി വരുമാന മാർഗ്ഗമായ സെയിൽസ് ടാക്സ് പിരിക്കുന്നതിൽ ഉദ്യോഗസ്ഥവൃന്ദം നടത്തുന്ന വെട്ടിപ്പ് തടയാൻ കരുത്തുറ്റ നടപടികൾ സ്വീകരിച്ച് സെയിൽസ് ടാക്സ് മേഖലയിൽ ഗണ്യമായി

വരുമാനം കൂട്ടണം. ട്രെയിൻ വഴി സാധനങ്ങൾ കൊണ്ടുവരുമ്പോൾ നടത്തുന്ന നികുതിവെട്ടിപ്പ് തടയണം. ക്വാറിയർ, പാഴ്സൽ സർവ്വീസ് രംഗത്ത് കൂടുതൽ ശ്രദ്ധ ചെലുത്തുകയും ആ മേഖലയിൽ നിന്ന് നികുതി പിരിച്ചെടുക്കുകയും ചെയ്യണം. വീര്യം കുറഞ്ഞ മദ്യം പ്രോൽസാഹിപ്പിക്കാനും കള്ളു ചെത്ത് വ്യവസായം ആധുനികവൽക്കരിച്ച് എക്സൈസ് വരുമാനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. തേങ്ങാവെള്ളത്തിൽ നിന്ന് വൈൻ ഉൽപ്പാദിപ്പിക്കാമെന്നുള്ള ഗവേഷണഫലങ്ങൾ പരിശോധിച്ച് നടപ്പാക്കണം. സാധാരണക്കാരെ നികുതിയിൽ നിന്ന് ഒഴിവാക്കി സമ്പന്ന വിഭാഗത്തിൽനിന്ന് കൂടുതൽ നികുതി പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കണം. അനധികൃതമായി സർക്കാർ ഭൂമി കയ്യേറുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കാനുള്ള ഗവണ്മെന്റിന്റെ ഉറച്ച നടപടിക്ക് പിൻതുണ പ്രഖ്യാപിക്കാൻ തയ്യാറാകാതെ അതിനെ അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്.

**<u>ശ്രീ. തോമസ് ചാഴികാടൻ:</u>** ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, ഭക്ഷ്യം തുടങ്ങിയ സമസ്തമേഖലകളും കഴിഞ്ഞ 14 മാസംകൊണ്ട് പൂർണ്ണമായ തകർച്ചയിലേയ്ക്ക് നീങ്ങിയിരിക്കുകയാണ്. അതിവർഷംമൂലം തകർന്ന് തരിപ്പണമായ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താനാവശ്യമായ തുക വകയിരുത്തണം. നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കാൻ യാതൊരു നടപടിയും ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല. സമ്പന്നവർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും ന്യൂനപക്ഷങ്ങളെ തകർക്കുകയും ചെയ്യുന്ന നടപടിയാണ് ഈ ഗവണ്മെന്റ് സ്വീകരിക്കുന്നത്.

**<u>ശ്രീ. ജോസ് തെറ്റയിൽ</u>**: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ധനവിനിയോഗത്തിന്റെ കാര്യത്തിൽ അധികവിനിയോഗവും ദുർവിനിയോഗ വുമില്ലാതെ കൃത്യമായ വിനിയോഗം നടത്തുന്ന രീതിയാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ ഫിസ്ക്കൽ ലയബിലിറ്റി 2001-02-ൽ 29,025 കോടി രൂപയായിരുന്നത് 2006-ൽ 48,180 കോടി രൂപയായി വർദ്ധിച്ചു. വിദ്യാഭ്യാസ രംഗത്ത് 2001-06-ൽ സംസ്ഥാന ഗവണ്മെന്റ് മുടക്കേണ്ടിയിരുന്ന വിഹിതത്തിൽ 25 ശതമാനം വീഴ്ച വരുത്തുകയാണ് യു.ഡി.എഫ്. ഗവണ്മെന്റ് ചെയ്തത്. പോലീസ് സേനയുടെ മോഡണൈസേഷനുവേണ്ടി ഗവണ്മെന്റ് ഓഫ് ഇൻഡ്യ വാഗ്ദാനം ചെയ്ത തുക മുഴുവൻ കിട്ടിയിട്ടും അതിൽ കുറവ് വരുത്തിയ മുൻ ഗവണ്മെന്റിന്റെ നടപടിയെക്കുറിച്ച് അന്വേഷിക്കണം. ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ 2250 കോടി രൂപയുടെ അധികനികുതി പിരിച്ചെടുക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. സ്വർണ്ണ നികുതിയിനത്തിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് 21 കോടി രൂപ പിരിച്ചെടുത്തപ്പോൾ ഈ ഗവൺമെന്റ് 98 കോടി രൂപയും ലോട്ടറി നികുതിയിനത്തിൽ 47 കോടി രൂപ പിരിച്ചിരുന്ന സ്ഥാനത്ത് 60 കോടി രൂപയും ബാർ ഹോട്ടൽ നികുതിയിനത്തിൽ 87 കോടി രൂപ പിരിച്ചിരുന്ന സ്ഥാനത്ത് 112 കോടി രൂപയും പിരിച്ചെടുക്കുകയുണ്ടായി. ഈ ഗവൺമെന്റിന്റെ കാലത്ത് വ്യാവ സായിക രംഗത്ത് അഭിവൃദ്ധിയുണ്ടാവുകയും വ്യവസായ-വാണിജ്യ നയം പ്രാവർത്തികമാക്കാൻ സാധിക്കുകയും ചെയ്തു. നിക്ഷേപകർക്കുവേണ്ടി ഭൂമിയും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്ന കാര്യം പ്രാവർ ത്തികമാക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ബി.ഐ.എ ഫ്.ആർ.ന്റെ മേൽനോട്ടത്തിലായിരുന്ന അങ്കമാലിയിലെ ടെൽക് എൻ.ടി.

പി.സി.യുമായി സഹകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ നവരത്ന കമ്പനിയുമായി ചേർന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞത് വ്യാവസായിക രംഗത്തെ വിപ്ലവകരമായ നേട്ടമാണ്. ബാംബു കോർപ്പറേഷനുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ച 50 ലക്ഷം രൂപ അപര്യാപ്തമായതിനാൽ അത് വർദ്ധിപ്പിക്കണം. ഈറ്റ, പനമ്പ് വ്യവസായ രംഗത്തെ തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ശ്ലാഘനീയമാണ്. ബഹുരാഷ്ട്ര കുത്തക കമ്പനികൾ വരുന്നതോടുകൂടി 13 ലക്ഷത്തിലധികം ചെറുകിട സ്ഥാപനങ്ങളാണ് അടച്ചുപൂട്ടേണ്ടിവരുന്നത്. കൂട്ടായ ശ്രമമുണ്ടായാൽ മാത്രമേ കേരളത്തിലെ ചെറുകിട വ്യവസായങ്ങൾ നിലനിർത്താൻ കഴിയുകയുള്ളൂ. കൃഷിക്കാരെ വ്യാമോഹിപ്പിച്ച് അവരുടെ കൃഷിസ്ഥലം കൈക്കലാക്കുന്ന ബഹുരാഷ്ട്ര കുത്തകകളുടെ കോൺട്രാക്ട് ഫാമിംഗിനെതിരെ അവബോധം സൃഷ്ടിക്കുകയും സംഘടിത പ്രതിരോധമുണ്ടാവുകയും വേണം.

<u>**ശ്രീ. എ.സി. മൊയ്തീൻ:**</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സാമ്പത്തികവർഷം 23.17% നികുതി വർദ്ധനവുണ്ടായിട്ടുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക തീർത്തുകൊടുക്കുന്നതിനും കഴിഞ്ഞു. ഓണത്തിനുമുമ്പ് എല്ലാ ക്ഷേമ പെൻഷനുകളും വിതരണം ചെയ്യുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. പൊതുജനാരോഗ്യ, വിദ്യാഭ്യാസ, വിനോദസഞ്ചാര വികസന രംഗങ്ങളിലെ അർഹമായ പരിഗണന നൽകി സാമ്പത്തിക പ്രയാസങ്ങൾ മറികടക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച സ്വാശ്രയ- പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനിയന്ത്രിതമായപ്പോഴാണ് ഈ

ഗവൺമെന്റ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ രക്ഷിക്കുന്നതിനായി ബിൽ പാസ്സാക്കിയത്. ബില്ലിലെ ചില വകുപ്പുകളെ സംബന്ധിച്ച് കോടതി പരാമർശം വന്നപ്പോൾ സമന്വയത്തിന്റെയും അനുരഞ്ജനത്തിന്റെയും പാത യാണ് ഗവൺമെന്റ് സ്വീകരിച്ചത്. അതുവഴി പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പഠിക്കാനുള്ള അവസരമുണ്ടാക്കുക യാണ് സർക്കാർ ചെയ്തത്. കേരളത്തിന്റെ വ്യവസായ വികസന രംഗത്ത് ഒരു കുതിച്ചുചാട്ടം നടക്കുകയാണ്.

**ശ്രീ. വി. സുരേന്ദ്രൻ പിള്ള:** ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ ഒരു കൊല്ലക്കാലത്തെ ഭരണംകൊണ്ട് വികസനരംഗത്ത് ധാരാളം നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. എല്ലാ വിഭാഗം ആളുകളു ടെയും അവകാശങ്ങൾ അംഗീകരിച്ചുകൊണ്ടും സാമൂഹ്യമായി പിന്നോക്കംനിൽക്കുന്നവരുടെ താല്പര്യങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊ ണ്ടുമാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഈ ഗവൺമെന്റ് അധികാര ത്തിൽ വരുമ്പോൾ 46,000 കോടി രൂപയുടെ പൊതുക്കടമാണുണ്ടായിരുന്നത്. അതിനുശേഷം മൂവായിരത്തിൽ ചില്വാനംകോടി രൂപയുടെ പൊതുക്കടം മാത്രമേ വർദ്ധിച്ചിട്ടുള്ളൂ. പെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർത്തു കൊണ്ടിരിക്കുകയാണ്. റെയിൽവേ സ്റ്റേഷനുകളിൽ ടാക്സ് ഇല്ലാതെ കൊണ്ടുവരുന്ന സാധനങ്ങൾ പിടിച്ചെടുത്തും ചെക്ക് പോസ്റ്റുകളിലെ അഴിമതിക്ക് വിരാമമിട്ടും നല്ലൊരു ധനകാര്യ മാനേജുമെന്റാണ് ധനകാര്യ വകുപ്പുമന്ത്രി നടത്തുന്നത്. നിയമസഭയിൽ ഒരിക്കൽ ബഡ്ജറ്റ് അവതരി പ്പിച്ച് ഗ്രാന്റ് പാസ്സാക്കിക്കഴിഞ്ഞാൽ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് കാലതാമസമുണ്ടാക്കാതെ ആ തുക ധനകാര്യ വകുപ്പ് പൂർണ്ണമായി അതാതു വകുപ്പുകൾക്ക് കൈമാറാനുള്ള സംവിധാനമുണ്ടാക്കണം.

**ശ്രീ. വി. ശിവൻകുട്ടി:** ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള മാതൃകാപരമായ പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ ഒരു വർഷംമുമ്പ് 44 ശതമാനം നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ ഗവൺമെന്റിനു കഴിഞ്ഞത് എടുത്തുപറയത്തക്ക നേട്ടമാണ്. 2011 -ഓടുകൂടി റവന്യൂ കമ്മി ഒരു ശതമാനമാക്കി മാറ്റാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടുള്ള സാമ്പത്തിക മാനേജുമെന്റാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നത്. പ്രതിവർഷം 20 ശതമാനം തനതു റവന്യൂ വളർച്ച കൈവരിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി 2006-07-ൽ തനത് റവന്യൂ വരുമാനം 23.17 ശതമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.. 12 മാസം കൊണ്ട് 21 മാസത്തെ ക്ഷേമ പെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർക്കാനും പെൻഷൻകാരുടെ ക്ഷാമബത്തയുടെ എല്ലാ ഗഡുക്കളും അനുവദിച്ചുകൊടുക്കാനും കഴിഞ്ഞു.. ഏറ്റവും താഴ്ന്ന വേതനം പറ്റുന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തിൽ വന്ന അപാകതകൾ പരിഹരിക്കാനും ഒന്നരലക്ഷത്തോളം വരുന്ന പാർട്ട് ടൈം ജീവനക്കാരുടെ വേതനത്തിൽ വർദ്ധനവുണ്ടാക്കാനും സംസ്ഥാന ജീവനക്കാർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്താനും വിലക്കയറ്റം തടയാനും കഴിഞ്ഞത് സ്വാഗതാർഹമാണ്. കർഷക കടാശ്വാസത്തിനുവേണ്ടി 100 കോടി രൂപ അനുവദിച്ചു. ക്വിന്റലിന് 850 രൂപ നിരക്കിൽ നെല്ല് സംഭരിക്കാനും നിർമ്മാണ പ്രവർത്തനങ്ങളുടെ ചെലവുകളിൽ നിയന്ത്രണം ഏർപ്പെടുത്താനും നടപടികൾ സ്വീകരിച്ചു.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആയിരം കോടി രൂപയുടെ മരാമത്ത് പണികൾ ചട്ടങ്ങളും നടപടിക്രമങ്ങളും ലംഘിച്ച് നടത്തുകയുണ്ടായി. മരാമത്ത് പണികളിൽ നടന്ന അഴിമതിയെ സംബന്ധിച്ച് അന്വേഷണം നടത്തണം. നികുതി പിരിവിൽ സർവ്വകാല റിക്കോർഡ് സൃഷ്ടിച്ചു. വാറ്റ് നികുതി വരുമാനത്തിൽ 51 ശതമാനവും ആഡംബര നികുതി വരുമാനത്തിൽ 84 ശതമാനവും വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. നികുതി വെട്ടിപ്പു തടയുന്ന തിന്റെ ഭാഗമായി വാളയാർ ചെക്കു പോസ്റ്റ് നവീകരിച്ചു. നികുതി വകുപ്പിന്റെ പ്രവർത്തനം കുറ്റമറ്റതും വേഗതയിലുമാക്കാൻ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി.. ഉപഭോക്താക്കൾ നൽകുന്ന നികുതി പൂർണ്ണമായും സർക്കാരിന് ലഭ്യമാക്കുന്നതിന് ഏർപ്പെടുത്തിയ ലക്കിവാറ്റ് പദ്ധതി സ്വാഗതാർഹമാണ്. വ്യാപാരി സമൂഹവുമായി സൗഹാർദ്ദപരമായ ഒരു സമീപനം സ്വീകരിക്കുകയും വ്യാപാരി ക്ഷേമനിധിയിലേയ്ക്ക് നാലരക്കോടി രൂപ അനുവദിക്കുകയും ചെയ്തു. ലോട്ടറി വകുപ്പിൽ അധികാര വികേന്ദ്രീകരണം നടപ്പിലാക്കാനും പുതിയ രണ്ട് ലോട്ടറികൾ ആരംഭിക്കുവാനും കഴിഞ്ഞു. മഹിളാപ്രധാൻ ഏജന്റുമാരുടെ 2006 വരെയുള്ള കുടിശ്ശികകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു. നികുതിയെ മാത്രം ആശ്രയിക്കാതെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായി. കെ.എസ്.എഫ്.ഇ.യെ നവീകരിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു. ആസൂത്രിതവും ആകർഷകവുമായ സുവർണ്ണ ചിട്ടി പദ്ധതി പ്രകാരം ലക്ഷ്യമിട്ടതിന്റെ ഇരട്ടി നേട്ടം കൈവരിക്കാൻ കഴിഞ്ഞു. നിയമവിരുദ്ധമായ ലോട്ടറിക്കെതിരെ ശക്തമായ നിലപാടു സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറായി. തിരുവനന്തപുരം മെഡിക്കൽ കോളേജ്, തിരുവനന്തപുരം റോഡ് വികസനം, ശാരീരികമായി അവശതയനുഭവിക്കു

ന്നവർക്കുള്ള ധനസഹായം, കൺസ്യൂമർ ഫെഡ്, പൊതുമേഖലാ സ്ഥാപനങ്ങളുടെ ബാദ്ധ്യത തീർക്കൽ, വി.ആർ.എസ്. വാങ്ങിയവർക്ക് നൽകേണ്ട തുക, സ്മാർട്ട് സിറ്റി, റോഡ് നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ, ഇന്റർനാഷണൽ എയർപോർട്ടിന്റെ പണി, പൂജപ്പുരയിലെ ആയൂർവേദ കോംപ്ലക്സ് എന്നിവയ്ക്ക് കൂടുതൽ ഫണ്ട് വകയിരുത്തണം. കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിനും ഡീസൽ വാങ്ങിയ ഇനത്തിലുള്ള കടം തീർക്കുന്നതിനും കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനും പണം അനുവദിച്ചത് സ്വാഗതാർഹമാണ്. തലസ്ഥാന നഗര റോഡ് വികസനത്തിന്റെ പേരിൽ നടന്ന ക്രമവിരുദ്ധമായിട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താനും നഗരറോഡ് വികസനം പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം. പുഞ്ചലോയ്ഡ് കമ്പനിയുമായി ഉണ്ടാക്കിയ കരാർ പ്രകാരം ജൂലായ് 31-നകം സ്ഥലം ഏറ്റെടുത്തുകൊടുക്കുന്ന പ്രവർത്തനം ആരംഭിച്ചു. മുൻ ഗവൺമെന്റിന്റെ അനാസ്ഥമൂലം 106 കോടി രൂപയാണ് പുഞ്ച്ലോയ്ഡ് നഷ്ടപരിഹാരം ആവശ്യപ്പെട്ടിരിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ ഫണ്ടും തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവളത്തിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള ഫണ്ടും അനുവദിക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിന് കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന ധനസഹായത്തോടൊപ്പം സംസ്ഥാന ഗവൺമെന്റും ധനസഹായം അനുവദിക്കണം. ആറ്റുകാൽ വികസന പദ്ധതിക്കും തിരുവനന്തപുരം മൃഗശാലയുടെ വിപുലീകരണത്തിനും ഐരാണിമുട്ടം ആശുപത്രിയുടെ നിർമ്മാണപ്രവർത്തനത്തിനും ആവശ്യമായ ഫണ്ട് അനുവദിക്കണം.

**<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u>** ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തെ സമ്പൽസമൃദ്ധമായ സാമ്പത്തിക ഭദ്രതയിലേയ്ക്കു നയിക്കാനുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യുന്നു. കാർഷിക -പരമ്പരാഗത മേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തണം. നടപ്പു വർഷത്തിൽ തൊഴിലുറപ്പു പദ്ധതി, കേന്ദ്രപാക്കേജു പദ്ധതികൾ, കാർഷിക മേഖലയിലുള്ള മറ്റ് ഏജൻസി സ്കീമുകൾ ഇവയെല്ലാം ഫലപ്രദമായി ഉപയോഗപ്പെടുത്തി സമഗ്ര പരിപാടികൾക്ക് രൂപം നൽകണം. വിദേശവായ്പകളിന്മേലുള്ള ആശ്രിതത്വം ഗണ്യമായി കുറയ്ക്കണം കേന്ദ്രാവിഷ്ക്കൃത സ്കീമുകളിലൂടെയല്ലാതെ സംസ്ഥാനത്തിന്റെ തനതു വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയുന്ന രീതിയിലുള്ള ചർച്ചകൾ ഓരോ വകുപ്പിലും നടത്തണം. നികുതി വെട്ടിപ്പിനെതിരായി സർക്കാരിന്റെ നടപടികൾക്കൊപ്പം ബഹുജന പ്രസ്ഥാനംകൂടി ശക്തിപ്പെടുത്തണം. കള്ളക്കടത്തുകാരെയും കരിഞ്ചന്തക്കാരെയും പിടികൂടാൻ നടപടികളെടുക്കണം. വാറ്റിനത്തിൽ 2006-07 സാമ്പത്തിക വർഷം 4469 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. സർവ്വോദയ സംഘങ്ങൾ വഴി വിറ്റഴിക്കുന്ന ഖാദി തുണിത്തരങ്ങളെ വാറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണം. തൃശൂർ കുറ്റൂരിൽ ഖാദിഗ്രാമവ്യവസായ കമ്മിഷന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സെൻട്രൽ സിൽവർ പ്ലാന്റിൽ ഉൽപ്പാദിപ്പിക്കുന്ന സിൽവർ പ്രോവിൻസിനെ വാറ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണം. പദ്ധതിയേതര ചെലവുകൾ ചുരുക്കിയും ധൂർത്തും അഴിമതിയും നിർമ്മാർജ്ജനം ചെയ്തും ചെലവിന്റെ തോത് നിയന്ത്രിക്കാനുള്ള പ്രവർത്തനവും നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കിക്കൊണ്ട് റവന്യൂ വരുമാനത്തോത് ഉയർത്താനുള്ള

പ്രവർത്തനങ്ങളും സ്വാഗതാർഹമാണ്. വിദേശ വായ്പകളുടെ പ്രാധാന്യം കുറച്ചുകൊണ്ട് സ്വതന്ത്ര കമ്പോള വായ്പയാണ് അനുകരണീയമെന്ന ഗവൺമെന്റിന്റെ കാഴ്ചപ്പാട് ശ്രദ്ധേയമാണ്. കണ്ണൂർ, ഇടയ്ക്കാട് എന്നീ പ്രദേശങ്ങളിലെ ബീഡി, കൈത്തറി മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കണം. കാലവർഷക്കെടുതിമൂലം കഷ്ടതയനുഭവിക്കുന്ന മലബാറിന്റെ സാമ്പത്തിക -വ്യാവസായിക പുരോഗതിക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി സാമ്പത്തികസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

**ശ്രീ. തോമസ് ചാണ്ടി:** ഉപധനാഭ്യാർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ ശോചനീയമാണ്. സമസ്ത മേഖലകളിലും മുരടിപ്പനുഭവപ്പെടുന്നു. മൂന്നാറിലെ ഗവൺമെന്റ് നടപടിയെ സ്വാഗതം ചെയ്യുന്നുണ്ടെങ്കിലും അതിന് ഗവൺമെന്റ് സ്വീകരിച്ച മാർഗ്ഗം ശരിയായില്ല. അതിന്റെ പരിണതഫലം മോശമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. മൂന്നാർ, കോവളം, കുമരകം എന്നീ സ്ഥലങ്ങളെ കണക്ടു ചെയ്തുകൊണ്ടുള്ള പാക്കേജ് ടൂറുകൾ അവതാളത്തിലായിരിക്കുകയാണ്. കഴിഞ്ഞ വർഷം ടൂറിസം രംഗത്തു നിന്നും കിട്ടിയ വരുമാനം ഈ വർഷം കിട്ടുകയില്ലെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ താങ്ങി നിർത്തുന്നതിൽ നല്ലൊരു പങ്കു വഹിക്കുന്നത് വിദേശ മലയാളികളാണ്. സ്വാശ്രയ ബിൽ ഏകകണ്ഠമായി സഭ പാസ്സാക്കിയെങ്കിലും ആ ബില്ലിലെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞില്ല.

<u>**ശ്രീ. എം. ഹംസ:**</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായിട്ടാണ് മുന്നോട്ടു പോകുന്നത്. ഭരണഘടനാസ്ഥാപനമായ ഫിനാൻസ് കമ്മിഷന്റെ പ്രവർത്തന ഫലമായി കേരളത്തിന് കിട്ടേണ്ട കേന്ദ്രവിഹിതം ചുരുങ്ങി വരികയാണ്. 11-ാം ധനകാര്യ കമ്മീഷൻ 2.8 ശതമാനം കേന്ദ്രവിഹിതം അനുവദിച്ചിരുന്നിടത്ത് 12-ാം ധനകാര്യ കമ്മീഷൻ അത് 2.6 ശതമാനമാക്കി കുറച്ചു. ഇതുമൂലം പതിനായിരം കോടി രൂപയുടെ നഷ്ടമാണ് കേരളത്തിനുണ്ടായിട്ടുള്ളത് . സാമ്പത്തികമായി യു.ഡി.എഫ്. ഗവൺമെന്റ് തകർത്ത കേരളത്തെ മികവുറ്റ ധനകാര്യ മാനേജുമെന്റിലൂടെ മെച്ചപ്പെടുത്താനുള്ള നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. നികുതി പിരിവിൽ വർദ്ധനവുണ്ടാക്കി.. യു.ഡി.എഫ് .ഗവൺമെന്റിന്റെ കാലത്ത് സമ്പന്നൻമാർക്കായിരുന്നു നികുതിയാനുകൂല്യം കൊടുത്തിരുന്നത്. എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി സമ്പന്നൻമാരിൽ നിന്നും നികുതി പിരിച്ച് പാവപ്പെട്ടവരെ സഹായിക്കാനുള്ള നടപടി സ്വീകരിച്ചു. ആഡംബര നികുതി ഇനത്തിൽ വർദ്ധനവ് ഉണ്ടായി. വാറ്റ് നികുതിയിലൂടെ 51.46 ശതമാനം വർദ്ധനവുണ്ടായി. നികുതി വെട്ടിപ്പ് തടയാനാവശ്യമായ നടപടികൾ സ്വീകരിച്ചു. ചെക്ക് പോസ്റ്റുകളിൽ സ്കാനറുകൾ സ്ഥാപിച്ചും ജാഗ്രതാ സമിതി രൂപീകരിച്ചും. നികുതി പിരിവ് കുറ്റമറ്റതാക്കാൻ കഴിഞ്ഞു. വ്യാപാരി വ്യവസായികളുമായി സൗഹൃദം സ്ഥാപിക്കാൻ വേണ്ടി പീപ്പിൾസ് ഫ്രണ്ട്ലി സമീപനം സ്വീകരിച്ചു. കെ.എസ്.ടി.പി-യിൽ നടന്നിരുന്ന വെട്ടിപ്പുതടയാൻ നടപടി സ്വീകരിച്ചു. അഞ്ച് മെഡിക്കൽ കോളേജുകൾ മികവിന്റെ കേന്ദ്രമാക്കാനുള്ള പരിശ്രമവും

പി.എച്ച്.സി-കളും സി.എച്ച്.സി കളും താലൂക്ക് ആശുപത്രികളും ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കാൻ ആവശ്യമായ നടപടിയും സ്വീകരിച്ചു. ആരോഗ്യ കേരളം സംഘടിപ്പിക്കാൻ ഒരു ലക്ഷം രൂപ വീതം എല്ലാ നിയോജകമണ്ഡലങ്ങളിലും കൊടുത്തു. ഉന്നത വിദ്യാഭ്യാസ രംഗം മെച്ചപ്പെടുത്താൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാനും മെഡിക്കൽ സർവ്വകലാശാല ആരംഭിക്കാനും നടപടിയെടുത്തു. ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ ആരംഭിച്ച് മുന്നോട്ടുപോകാനുള്ള സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ശാസ്ത്രം, സാഹിത്യം, ഗവേഷണം എന്നീ രംഗങ്ങളിലുള്ളവരുടെ കഴിവ് പ്രകടിപ്പിക്കാൻ കഴിയുന്ന രൂപത്തിൽ പ്രതിഭാ കൗൺസിലിന് രൂപം കൊടുത്തു. മെട്രോ റെയിൽവേ യാഥാർത്ഥ്യമാക്കാൻ പോകുന്നു. ഐ.ടി., ബി.ടി., എൻ.ടി. രംഗങ്ങളിൽ കേരളത്തെ മുന്നോട്ടു കൊണ്ടുപോകുകയാണ്. പാവപ്പെട്ട ആളുകൾക്ക് അരി കൊടുക്കുന്ന കാര്യത്തിലും കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്ന കാര്യത്തിലും വീഴ്ച വരുത്തുന്നില്ല. രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിയും മറൈൻ അക്കാഡമിയും കേരളത്തിൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചു. മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാനുള്ള നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

**ശ്രീ. വി.ഡി. സതീശൻ :** ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കാര്യക്ഷമതയും കൂട്ടുത്തരവാദിത്വവുമില്ലാത്ത ഒരു ഗവൺമെന്റാണ് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഡ്മിഷന് .. യു.ഡി.എഫ് ഗവൺമെന്റ് 50:50 എന്നുള്ള അനുപാതം കൊണ്ടുവന്നപ്പോൾ എൽ.ഡി.എഫ്. അന്ന് അതിനെതിരെ സമരം നടത്തിയിരുന്നു. സ്വാശ്രയ സ്ഥാപനങ്ങളിലെ മെറിറ്റ് സീറ്റിൽ ഫീസ്

സർക്കാർ നിശ്ചയിക്കുമെന്നാണ് പറഞ്ഞിരുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വാർഷിക ഫീസ് 13,000 രൂപയാണ്. എന്നാൽ ഇപ്പോൾ സ്വാശ്രയ മാനേജ്മെന്റ് സ്ഥാപനങ്ങളിൽ മെറിറ്റ് സീറ്റിൽ 20,000 രൂപ ഫീസും രണ്ടര ലക്ഷം രൂപ ഡെപ്പോസിറ്റുമാണ് കൊടുക്കേണ്ടിവരുന്നത്. ഈ ഗവൺമെന്റ് സ്വാശ്രയ മാനേജുമെന്റുകൾക്ക് കീഴടങ്ങിയിരിക്കുന്നു. പൊതുവിദ്യാഭ്യാസ രംഗത്ത് അക്കാഡമിക് സ്വാതന്ത്ര്യം പഞ്ചായത്തുകളെ ഏൽപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. എസ്.എസ്.എ-യിൽ അനാവശ്യമായി പണം ചെലവാക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തണം. ആഗോള ടെന്റർ വിളിക്കാതെയാണ് ഇലക്ട്രിസിറ്റി ബോർഡ് ചൈനീസ് കമ്പനിയുമായി കരാറുണ്ടാക്കാനുള്ള ഉത്തരവ് ഇറക്കിയിട്ടുള്ളത്.

**ശ്രീ. വി.എൻ. വാസവൻ** : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാ മന്ത്രിമാരും അവർക്കനുവദിച്ച തുക പ്രയോജനപ്പെടുത്തി കാർഷിക വ്യാവസായിക, തൊഴിൽ, വിദ്യാഭ്യാസ മേഖലകളിൽ പുരോഗമനപരമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സാമ്പത്തിക രംഗത്ത് ഈ സർക്കാർ തികഞ്ഞ അച്ചടക്കം പാലിച്ച് വരുമാനം വർദ്ധിപ്പിച്ച് ധനകമ്മി കുറച്ചുകൊണ്ട് മുന്നോട്ടുപോകുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ റേഡിയോ തെറാപ്പി യൂണിറ്റ് സ്ഥാപിക്കുന്നതിനും ഒരു എഡ്യൂക്കേഷണൽ കോംപ്ലെക്സ് പണിയുന്നതിനും ആവശ്യമായ തുക അനുവദിക്കണം. ഈ സർക്കാരിന്റെ ഭരണത്തിന്റെ നല്ല വശങ്ങൾ കാണാതെ സ്ഥാനത്തും അസ്ഥാനത്തും തെറ്റായി ചിത്രീകരിച്ച് പുകമറ സൃഷ്ടിക്കാനുള്ള പ്രതി പക്ഷശ്രമം അപഹാസ്യമാണ്. സ്വാശ്രയ വിദ്യാഭ്യാസ ബിൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയെങ്കിലും കോടതിയുടെ ഇടപെടൽമൂലം പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ഇക്കാര്യത്തിൽ സമവായമുണ്ടാക്കാനുള്ള

സർക്കാരിന്റെ ശ്രമത്തെ ശ്ലാഘിക്കുന്നതിനുപകരം കലാപമുണ്ടാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. മതന്യൂനപക്ഷത്തിന്റെ പേരുപറഞ്ഞ് മുതലെടുക്കാനുള്ള പ്രതിപക്ഷനീക്കം ഉപേക്ഷിക്കണം. മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മതന്യൂനപക്ഷങ്ങൾക്കെതിരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങളെ ചെറുത്തുതോൽപ്പിക്കാൻ ഇടതുപക്ഷ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട് എന്ന സത്യം വിസ്മരിക്കാനാവില്ല. കഴിഞ്ഞകാലങ്ങളിൽ ബിഷപ്പ് തിരുമേനിമാരെ വേദനിപ്പിക്കുകയും അവരിൽനിന്ന് കോഴ ആവശ്യപ്പെടുകയും ചെയ്തവർ ഇന്ന് ന്യൂനപക്ഷപ്രേമം നടിക്കുന്നത് അപഹാസ്യമാണ്. ഈ സർക്കാരിന് മതമേലധ്യക്ഷൻമാരോടും സഭയോടും ഒരു തരത്തിലുമുള്ള അസ്പർശതയുമില്ല. തർക്കവിഷയങ്ങൾ ആശയവിനിമയം നടത്തി പരിഹരിക്കാറുണ്ട്. സംസ്ഥാനത്ത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി ഏത് ആവശ്യത്തിനുവേണ്ടിയാണോ ജനങ്ങളിൽനിന്നും സംഭാവന പിരിച്ചത് ആ തുക അതിനുവേണ്ടിത്തന്നെ ഉപയോഗിച്ചിട്ടുണ്ട്. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ പേരിൽ ആക്ഷേപങ്ങൾ ഉന്നയിച്ച് തകർക്കാനുള്ള പ്രതിപക്ഷശ്രമം വൃഥാവിലാണ്. ഈ സർക്കാർ ഭാവനാസമ്പന്നമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി മുന്നോട്ടുപോവുകയാണ്. ഇന്ത്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും കോൺഗ്രസ്സിന് ഭരണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം.

<u>**ശ്രീ. യു.സി. രാമൻ:**</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മുക്കം മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണം. ലക്കിവാറ്റും ദേശാഭിമാനി ബോണ്ട് കേസും റവന്യൂ കമ്മി കുറയ്ക്കാനുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രമവും മൂന്നാർ ഒഴിപ്പിക്കലും സാമ്പത്തിക രംഗത്തെ തകിടംമറിച്ചിരിക്കുക

യാണ്. സംസ്ഥാനത്തിന്റെ കടം തീർക്കുന്നതിന് ഈ സർക്കാർ ആരെയാണ് ആശ്രയിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കണം. ഈ സർക്കാർ വന്നതിനു ശേഷം റവന്യൂകമ്മിയുടെ കാര്യത്തിൽ സംസ്ഥാനം ഒന്നാംസ്ഥാനത്തേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ റെക്കോർഡ് നികുതി വരുമാന മാണെന്ന് ധനകാര്യ വകുപ്പുമന്ത്രി അവകാശപ്പെടുമ്പോഴും വരുമാനത്തിന്റ പകുതിയിലധികവും രഹസ്യ ബോണ്ടുവഴിയും സ്പോൺസർഷിപ്പുവഴിയു മാണ് നേടിയിട്ടുള്ളത് എന്ന സത്യം നിഷേധിക്കാനാവില്ല. കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികജാതി -പട്ടികവർഗ്ഗ വകുപ്പിന് അനുവദിച്ച തുക യിൽ പദ്ധതിയിനത്തിൽ 31.96 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 5.22 കോടിരൂപയുമടക്കം 40 കോടിരൂപ ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതി വകുപ്പ് 37.2 കോടി രൂപയും പട്ടികവർഗ്ഗ വകുപ്പ് 2.75 കോടി രൂപയും ചെലവ ഴിച്ചിട്ടില്ല. വയനാട് ജില്ലയിൽ ലംപ്സം ഗ്രാന്റ്, പുസ്തകങ്ങൾ, മറ്റ് പഠനോപകരണങ്ങൾ എന്നിവയ്ക്ക് അനുവദിച്ചതിൽ 1.48 കോടി രൂപ നഷ്ട പ്പെടുത്തി. പിന്നോക്ക വിഭാഗങ്ങളിലൂടെ വളർന്ന പാർട്ടി ഇന്ന് സംസ്ഥാനം ഭരിക്കുമ്പോൾ ഈ മേഖലയെ ദുരിതപൂർണ്ണമായ അവസ്ഥയിലേയ്ക്ക് എത്തിക്കുന്നത് ഭൂഷണമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നാൽ സ്ത്രീപീഡനം ഉണ്ടാകില്ലെന്ന് വീമ്പ് പറഞ്ഞിരുന്നെങ്കിലും സ്ത്രീകളുടെ ഇന്നത്തെ സ്ഥിതി പരിതാപകരമാണ്. ഇവരുടെ പ്രസംഗവും പ്രവർത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ല. റോഡുകൾ മുഴുവൻ തോടുകളായി മാറി യിരിക്കുന്നു. പകർച്ചപ്പനിമൂലമുള്ള കൂട്ടമരണം നിത്യസംഭവമായി മാറിയിരി ക്കുന്നു. പരീക്ഷയെത്തിയിട്ടും വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമായിട്ടില്ല. ഈ സർക്കാർ സംസ്ഥാനത്തെ എല്ലാ മേഖലയേയും തകർത്ത് തരിപ്പണമാക്കിയിരിക്കുന്നു.

<u>**ശ്രീ. വി.എസ്. സുനിൽകുമാർ**</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗവൺമെന്റിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ ദീർഘകാല പദ്ധതികൾ ദീർഘവീക്ഷണത്തോടുകൂടി നടപ്പിലാക്കിവരികയാണ്. ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ പുത്തൻ പരിഷ്ക്കാരങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്ര ഭരണത്തിൽ സംസ്ഥാന സർക്കാർ ബദൽ സാമ്പത്തിക നയവുമായി മുന്നോട്ടുപോകുന്നത് ക്ലേശകരമാണ്. 2010 -ഓടുകൂടി റവന്യൂ കമ്മി ഒരു ശതമാനത്തിൽ താഴെയാക്കുന്നതിനുള്ള സാമ്പത്തിക നയമാണ് എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടും ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും ഉള്ള പദ്ധതികളാണ് ധനാഭ്യർത്ഥനയിൽ ഈ സർക്കാർ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തു. ഓണത്തിനുമുമ്പായി എല്ലാ ക്ഷേമ പെൻഷനുകളും കൊടുത്തുതീർക്കാൻ കഴിയുന്നവിധത്തിലുള്ള നയ പരിപാടികളുമായി മുന്നോട്ടുപോവുകയാണ്. നികുതി സമാഹരണത്തിന്റെ കാര്യത്തിൽ വ്യാപാരികളും സംരംഭകരുമായുള്ള സഹകരണത്തിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കഴിഞ്ഞ 3 വർഷത്തിന്റെ കണക്ക് പരിശോധിക്കുമ്പോൾ പൊതുക്കടത്തിന്റെ വർദ്ധനവിന്റെ അനുപാതം കുറഞ്ഞിട്ടുണ്ട്. റവന്യൂ വരുമാനം കൊണ്ടുതന്നെ റവന്യൂ ചെലവ് നികത്തണമെന്ന നയം ഈ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ആതുരശുശ്രൂഷാ രംഗത്ത് മാറ്റങ്ങൾ വരുത്താനുള്ള ശ്രമം നടക്കുകയാണ്. പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ സർക്കാർ ആശുപത്രികളിൽ എത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള സ്റ്റാഫ്

പാറ്റേണുകളിൽ കാലാനുസൃതമായ മാറ്റം വരുത്തണം. ഡോക്ടർമാരുടെ സേവന വേതന വ്യവസ്ഥകളിൽ കാതലായ മാറ്റം വരുത്തണം. ഈ സർക്കാരിന്റെ ഭരണത്തിൽ ജനങ്ങളുടെ പ്രതീക്ഷ ഉയർന്നുകൊണ്ടിരിക്കുകയാണ്. പകർച്ചപ്പനി തടയുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾക്കും ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മതന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അധ:സ്ഥിതരുടെയും വിദ്യാഭ്യാസപരമായി പിന്നോക്കംനിൽക്കുന്നവരുടെയും ഉന്നമനത്തിനായി ഇടതുപക്ഷ പ്രസ്ഥാനവും ക്രിസ്ത്യൻ മിഷനറിയും നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. അവരുടെ വിപ്ളവകരമായ പങ്കിനെക്കുറിച്ച് ആർക്കും അഭിപ്രായ വ്യത്യാസമില്ല. വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കുന്നത് തടയുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് സർക്കാർ സ്വാശ്രയ വിദ്യാഭ്യാസ നിയമം കൊണ്ടുവന്നത്. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. .

**<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u>** ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഡ്ജറ്റിൽ അനുവദിച്ച തുക ജനങ്ങളുടെ ഉത്തമ താൽപ്പര്യങ്ങൾക്കുവേണ്ടി ചെലവഴിച്ച സർക്കാരാണിത്. ഇക്കാര്യം ഓരോ വകുപ്പിന്റെ കാര്യമെടുത്തു പരിശോധിച്ചാലും മനസ്സിലാക്കാവുന്നതാണ്. ജനങ്ങൾ വിലക്കയറ്റം കൊണ്ട് വീർപ്പുമുട്ടുമ്പോൾ കുത്തക മുതലാളിമാർക്കും പൂഴ്ത്തിവയ്പുകാർക്കും അനുകൂലമായ നയം സ്വീകരിച്ച് പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. എന്നാൽ പൊതുവിതരണ സമ്പ്രദായം വിപുലപ്പെടുത്താനും ശക്തിപ്പെടുത്താനും സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചു. ബി.പി.എൽ.-എ.പി.

എൽ മാനദണ്ഡത്തിന്റെ കാര്യത്തിൽ കേന്ദ്രമെടുത്ത നിലപാടിലൂടെ സംസ്ഥാന സർക്കാരിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകാനിടയുണ്ട്. 322 രൂപ പ്രതിമാസ വരുമാനമുള്ളയാൾ ബി.പി.എൽ-നു മുകളിലാണെന്ന് സ്ഥാപിക്കുമ്പോൾ അന്ത്യോദയ പദ്ധതി പ്രകാരമുള്ള അരി പോലും നിഷേധിക്കപ്പെടുന്ന സാഹചര്യം ഈ സംസ്ഥാനത്തുണ്ടാകും. ഈ മാനദണ്ഡം മാറ്റുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ കൂട്ടായി യോജിച്ച് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. അടഞ്ഞുകിടന്ന വ്യവസായശാലകൾ തുറക്കാനും ലാഭകരമാക്കാനും അനുവദിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കണം. കർഷകത്തൊഴിലാളികൾ, മൽസ്യത്തൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ തുടങ്ങി ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവർക്കു വേണ്ടി നിലകൊള്ളുകയും ജാതിമത ഭേദമെന്യേ സമസ്ത ജനവിഭാഗങ്ങളുടെയും താൽപ്പര്യങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സർക്കാരാണിത്. ഏതാണ്ട് 10 കോടി കുട്ടികൾക്ക് അക്ഷരാഭ്യാസം പോലും ഇൻഡ്യയിൽ ഇല്ലെന്നിരിക്കെ, കേരളത്തിൽ 100 ശതമാനം സാക്ഷരതയാണുള്ളത്. പാഠ്യ പദ്ധതി, സ്കൂൾ സമയം തുടങ്ങിയവ തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുന്നു എന്നത് അടിസ്ഥാനരഹിതമായ കാര്യമാണ്. എത്ര നാൾ ഭരിച്ചു എന്നതല്ല, എങ്ങനെ ഭരിച്ചു എന്നതാണ് ഭരണത്തിന്റെ മാനദണ്ഡമായി കണക്കാക്കുന്നത്. ആശുപത്രികളിലെ സ്റ്റാഫ് പാറ്റേണിൽ കാലോചിതമായ മാറ്റം വരുത്തണം. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ വമ്പിച്ച പുരോഗതി കൈവരിച്ചിരിക്കുന്നു എന്നു പറഞ്ഞ് കേന്ദ്രത്തിൽ നിന്ന് മതിയായ ഫണ്ടുപോലും ലഭിക്കാത്ത സ്ഥിതിയാണുള്ളത്. . പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന ഫണ്ട് ചെലവഴിക്കുന്നതിന് വ്യക്തമായ ഗൈഡ്ലൈൻസ് കൊടുക്കണം. റോഡുകൾ, പാലങ്ങൾ, പള്ളിക്കൂടങ്ങൾ,

ആശുപത്രികൾ എന്നിവയ്ക്കു വേണ്ടി ആവശ്യമായ ഫണ്ട് കണ്ടെത്തണം. . സാധാരണക്കാർക്ക് ഭാരമുണ്ടാകാത്ത വിധത്തിൽ നികുതി നിരക്ക് കുറച്ച് വരുമാനമുള്ളവരിൽ നിന്നും അധിക നികുതി ഈടാക്കി സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സാധിച്ചു. പുതിയതായി അനുവദിച്ച പ്ളസ് ടൂ സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കണം. കൊല്ലം തീരദേശപാതയിൽ യാത്രയ്ക്ക് തടസ്സമായി നിൽക്കുന്ന പെരുമാതുറ, മുതലപ്പൊഴി, താഴമ്പള്ളി പാലം പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ക്രമസമാധാന നില ഭദ്രമാക്കാൻ ഗവൺമെന്റിനു കഴിഞ്ഞു.

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജീവൻരക്ഷാ മരുന്നുകളെ വാറ്റ് നിയമത്തിന്റെ 1-ാം ഷെഡ്യൂളിൽ നിന്ന് 3-ാം ഷെഡ്യൂളിലേയ്ക്ക് മാറ്റി 4 ശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുന്ന നടപടി തികച്ചും വേദനാജനകമാണ്. ജീവൻരക്ഷാമരുന്നുകളെ നികുതിയിൽ നിന്ന് ഒഴിവാക്കണം. വിദ്യാഭ്യാസ മേഖലയിലെ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് കൊടുത്തില്ല എന്ന് പറയുമ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ളവരുടെ ഉദ്യോഗക്കയറ്റം തടഞ്ഞുവയ്ക്കുക, ഇൻക്രിമെന്റ് താൽക്കാലികമായി തടഞ്ഞുവയ്ക്കുക തുടങ്ങിയ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുള്ളതായി വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെ സമ്മതിച്ചിട്ടുണ്ട്. അതുപോലെ സ്കൂൾ പഠന സമയമാറ്റം, സിലബസ് പരിഷ്ക്കരണം എന്നിവയെ സംബന്ധിച്ചും ചർച്ചകളുണ്ടായിട്ടുണ്ട്, തീരുമാനമായിട്ടില്ലായെന്നുള്ള വ്യക്തമാക്കലും പ്രാഥമിക വിദ്യാഭ്യാസമേഖലയെ-പ്പോലും രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. കമ്മ്യൂണിസ്റ്റ് അധിനിവേശത്തിന്റെ ഭാഗമാക്കി വിദ്യാഭ്യാസത്തെ മാറ്റാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. 1958-ലെ കേരള എഡ്യൂക്കേഷൻ ആകടിലെ 14-ാം

വകുപ്പ് പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള ജില്ലാ എഡ്യൂക്കേഷൻ അതോറിറ്റിയുടെ നിബന്ധനകൾക്ക് വിരുദ്ധമായി ഏതെങ്കിലും എയ്ഡഡ് സ്കൂൾ മാനേജർ പ്രവർത്തിച്ചാൽ അഞ്ച് വർഷക്കാലത്തേയ്ക്ക് ആ വിദ്യാഭ്യാസ സ്ഥാപനത്തെ ഗവൺമെന്റിന് ഏറ്റെടുക്കാനുള്ള അധികാരമുണ്ട്. സർക്കാരിന്റെ ഇച്ഛാശക്തിയനുസരിച്ച് അധികാര ദുർവിനിയോഗം നടത്താൻ ഇടവരുത്തുന്ന നടപടി ശരിയല്ല. ശ്രീ. സി.പി. നായർ ചെയർമാനായിട്ടുള്ള കമ്മിറ്റി സമർപ്പിച്ച ഡ്രാഫ്റ്റ് റൂൾസിൽ പല അപാകതകളും ഉണ്ട്. വിദ്യാഭ്യാസ മേഖലയിലുള്ള പഞ്ചായത്തുകളുടെ കടന്നുകയറ്റം അവസാനിപ്പിക്കണം. ഗവൺമെന്റ് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയെ തകർക്കുകയാണ്.

**വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി):** വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് പല അഭിപ്രായ പ്രകടനങ്ങളും ഇവിടെ നടന്നു. വിദ്യാഭ്യാസ രംഗം താറുമാറായി കിടന്നിരുന്ന അവസ്ഥയിലാണ് ഈ ഗവൺമെന്റ് അധികാരമേറ്റത്. ആ വിദ്യാഭ്യാസ രംഗത്തെ നേരെയാക്കാനുള്ള പരിശ്രമത്തിൽ പ്രതിപക്ഷവുംകൂടി സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പഞ്ചായത്തിന് വിദ്യാഭ്യാസത്തിന്റെ അധികാരാവകാശങ്ങൾ കൈമാറിയതിലൂടെ വിദ്യാഭ്യാസ മേഖലയെ തകർത്തുവെന്നും ഈ ഗവൺമെന്റ് സ്വാശ്രയ വിദ്യാഭ്യാസ മാനേജുമെന്റിന് കീഴടങ്ങിയെന്നും സമവായത്തിലൂടെ മാനേജ്മെന്റുകൾക്കാണ് നേട്ടമുണ്ടായതെന്നുമുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നു. കരട് നിർദ്ദേശങ്ങളെക്കുറിച്ച് പരിശോധിച്ച് ഈ ഗവൺമെന്റ് ഒരു അഭിപ്രായവും രൂപീകരിച്ചിട്ടില്ല, ക്യാബിനറ്റിൽ വച്ചിട്ടില്ല. സാധാരണ ഗതിയിൽ ഗവൺമെന്റ് നിയമിക്കുന്ന കമ്മിറ്റികൾ സമർപ്പിക്കുന്ന നിർദ്ദേശങ്ങളിൽ ചിലത് അതുപോലെ അംഗീകരിക്കുകയോ നിരസിക്കുകയോ ഭേദഗതികളോടെ

അംഗീകരിക്കുകയോ ചെയ്യാറാണ് പതിവ്. ഈ ഗവൺമെന്റും ആ രീതിയിലുള്ള സമീപനമായിരിക്കും സ്വീകരിക്കുക. സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ മാനേജുമെന്റുകളോട് യു.ഡി.എഫ്.നുള്ള സമീപനത്തിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനമാണ് എൽ.ഡി.എഫ്.-നുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 50:50 എന്നതിൽ 50 ശതമാനം സീറ്റിൽ മാനേജുമെന്റ് പ്രവേശനം നടത്തും അതിൽ ഗവൺമെന്റ് ഇടപെടണ്ട എന്ന സമീപനമായിരുന്നു സ്വീകരിച്ചിരുന്നത്. മാനേജുമെന്റിനു വിട്ടുകൊടുക്കുന്ന 50 ശതമാനം സീറ്റിൽ പ്രവേശനം നടത്തേണ്ടത് എങ്ങനെ ആയിരിക്കണമെന്നത് സംബന്ധിച്ചും ഫീസ് ഘടനയെ സംബന്ധിച്ചും വ്യക്തമായ അഭിപ്രായം പ്രതിപക്ഷഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ജസ്റ്റിസ് കെ.ടി. തോമസ് കമ്മിറ്റിക്കുള്ള അധികാരാവകാശങ്ങൾ 2004-ലെ ആക്ടിന്റെ ഫലമായി എടുത്തുകളഞ്ഞതുകൊണ്ടാണ് കമ്മിറ്റിക്ക് ഫലപ്രദമായി സ്വകാര്യ സ്വാശ്രയ മാനേജുമെന്റുകളുടെ പരീക്ഷ നടത്തിപ്പിൽ മേൽനോട്ടം വഹിക്കാനോ നിയന്ത്രണം ഏർപ്പെടുത്താനോ കഴിയാത്ത സാഹചര്യമുണ്ടായതെന്ന് ജസ്റ്റിസ് കെ.ടി. തോമസ് തന്നെ അഭിപ്രായപ്പെടുകയുണ്ടായി. 2006-ൽ ഈ ഗവൺമെന്റ് കൊണ്ടുവന്ന നിയമം ഐക്യകണ്ഠേന അംഗീകരിച്ചതാണ്. മെഡിക്കൽ കോളേജുകളിൽ 1,13,000 രൂപ ഫീസായി എല്ലാപേരിൽനിന്നും വാങ്ങാൻ ജസ്റ്റിസ് കെ.ടി. തോമസ് കമ്മിറ്റി തീരുമാനിക്കുകയും ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റി അതിൽ മാറ്റംവരുത്താതെ ആദ്യഘട്ടം അംഗീകരിക്കുകയും ചെയ്തു. ഇത്തവണ അതിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഗവൺമെന്റ് പ്രതിപക്ഷവുമായി ചർച്ച ചെയ്ത് 50:50 എന്ന സിദ്ധാന്തം പ്രാവർത്തികമാക്കണമെന്ന് ആവശ്യപ്പെട്ട സന്ദർഭത്തിൽ 50 ശതമാനം സീറ്റിൽ ഗവൺമെന്റ് ഫീസിൽ പഠിക്കാൻ

കഴിയുക എന്ന സ്ഥിതിയുണ്ടായി. ഈ ഗവൺമെന്റ് കഴിഞ്ഞ വർഷം സമവായമുണ്ടാക്കിയതിന്റെ ഫലമായി മെഡിക്കൽ പ്രവേശനത്തിന് 50 ശതമാനം വിദ്യാർത്ഥികൾക്ക് 13,000 രൂപ ഫീസിൽ അവരുടെ പഠന കാലാവധി തീരുന്നതുവരെ പഠിക്കാൻ സാധിക്കുന്ന അവസ്ഥയുണ്ടായി. ഈ വർഷം ഉണ്ടാക്കിയ സമവായം അനുസരിച്ച് രണ്ട് മെഡിക്കൽ കോളേജിലെ 50 ശതമാനം സീറ്റുകളിൽ സംവരണമുൾപ്പെടെ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നവരിൽനിന്ന് 20,000 രൂപ ഫീസും ഒന്നര ലക്ഷം രൂപ കോഷൻ ഡെപ്പോസിറ്റുമാണ് വാങ്ങുന്നത്. കോ-ഓപ്പറേറ്റീവ് മെഡിക്കൽകോളേജുകളുടെ കാര്യത്തിൽ വ്യത്യാസമുണ്ട്. എഞ്ചിനീയറിംഗ് തുടങ്ങിയ മറ്റ് പ്രൊഫഷണൽ കോളേജിലും വിദ്യാർത്ഥികൾക്ക് താങ്ങാവുന്ന ഫീസിൽ 50 ശതമാനം വിദ്യാർത്ഥികളെ മെറിറ്റടിസ്ഥാനത്തിൽ എടുക്കുന്നതിന് ഗവൺമെന്റ് ചർച്ചയിലൂടെ സമവായത്തിലെത്തി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗവൺമെന്റ് നിയന്ത്രിത സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും 50 ശതമാനം സീറ്റുകളിൽ സർക്കാർ ഫീസ് ഏർപ്പെടുത്തുന്നതിന് സമരം ചെയ്യേണ്ട അവസ്ഥവരെ ഉണ്ടായി. നൂറ് ശതമാനം സീറ്റിലും മാനേജുമെന്റുകൾക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്ന കോടതിവിധിയുള്ളപ്പോഴാണ് ഈ ഗവൺമെന്റ് മാനേജുമെന്റുകളുമായി ചർച്ച ചെയ്ത് 50 ശതമാനം സീറ്റിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം ഉറപ്പാക്കിയത്.

**വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. എളമരം കരീം</u>):** കെ.എം.എം.എൽ-ഉം ആയി ബന്ധപ്പെട്ട് ഉണ്ടായ ആരോപണത്തെ സംബന്ധിച്ച് ഒരു വിശദീകരണം പറയാനുണ്ട്. കെ.എം.എം.എൽ. യാതൊരുവിധ ഗ്ലോബൽ ടെണ്ടറും

ഒരു പ്രോജക്ടിനും ക്ഷണിക്കുകയോ ടെണ്ടർ തീരുമാനം ഈ ഗവണ്മെന്റ് റദ്ദാക്കുകയോ ചെയ്തിട്ടില്ല. ഗവണ്മെന്റോ കെ.എം.എം..എൽ എന്ന സ്ഥാപ നമോ പണം ചെലവഴിച്ച് നടപ്പാക്കുന്ന ഒരു പദ്ധതിയല്ല ഇത്. കേരള സർക്കാർ ഒപ്പു വച്ച എം.ഒ.യു. പ്രകാരം നിക്ഷേപം നടത്തുമെന്നു പറയുന്ന റഷ്യൻ കമ്പനി അവരുടെ പണം ഇവിടെ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഈ വകയിൽ കെ.എം.എം.എൽ.-ന് ഒരു പൈസയും നഷ്ടം ഉണ്ടാകുന്നില്ല. എം.ഒ.യു. സൈൻ ചെയ്തത് കേരളസർക്കാരാണ്. റഷ്യയിലെ റോസോബറോൺ, അവിസ്മ തുടങ്ങിയ സ്ഥാപനങ്ങളുമായി ഗവണ്മെന്റ് ഓഫ് കേരളയാണ് എം.ഒ.യു. സൈൻ ചെയ്തത്. ഇതുമായി കെ.എം.എം. എൽ.-ന് ഒരു ബന്ധവുമില്ല. സോവിയറ്റ് യൂണിയനും ഇൻഡ്യയും തമ്മിലുള്ള കയറ്റുമതി -ഇറക്കുമതി വ്യാപാരത്തിൽ സോവിയറ്റ് യൂണിയന്റെ നിലപാട് ഇൻഡ്യക്ക് അനുകൂലമായിരുന്നു അവർക്ക് . 7,000 കോടി രൂപ യിലധികം ഇൻഡ്യയിൽ നിക്ഷേപമുണ്ടായിരുന്നത് ഇവിടെ ചെലവഴിക്കാൻ വേണ്ടി ഗവണ്മെന്റ് ഓഫ് ഇൻഡ്യ ശ്രമം നടത്തിയതിന്റെ ഭാഗമായി ഒറീസ്സ യിൽ ടൈറ്റാനിയം പ്ളാന്റ് സ്ഥാപിക്കാൻ എം.ഒ.യു. സൈൻ ചെയ്ത സന്ദർഭ ത്തിലും അത്തരം കേരളത്തിൽ ഒരു പ്ളാന്റ് സ്ഥാപിക്കാൻ റഷ്യയെ സമീ പിക്കുകയും റഷ്യൻ സർക്കാരിന്റെ സ്ഥാപനമായ റോസോബറോൺ മുൻക യ്യെടുത്ത് ചർച്ച ചെയ്യുകയും ചെയ്തു. ആ കമ്പനിയിൽ 60 ശതമാനം ഷെയർ ഉള്ള മറ്റൊരു പൊതുമേഖലാസ്ഥാപനമായ അവിസ്മ ഇവിടെ നിക്ഷേപം നടത്തണമെങ്കിൽ റോസോബറോണിന്റെ സമ്മതം വേണം. ഈ കമ്പനി സ്ഥാപിക്കുന്നത് ചവറയിലെ കെ.എം.എം.എൽ-ന്റെ സൈറ്റിലല്ല. മറ്റൊരു സ്ഥലത്ത് കേരളസർക്കാരും റഷ്യൻ സ്ഥാപനവും ജോയിന്റ് വെൻച്വറായി ഒരു പുതിയ ഫാക്ടറിയാണ് സ്ഥാപിക്കുന്നത്. നിക്ഷേപ

ത്തിന്റെ സൈസ്, ഭൂമി, മറ്റ് പശ്ചാത്തലസൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ തീരുമാനം എടുത്തില്ല. ചേർത്തലയിലുള്ള കെ.എസ്.ഐ.ഡി.സി. ഗ്രോത്ത് സെന്ററിന്റെ സ്ഥലം ഇതിനായി ഉപയോഗപ്പെടുത്തുന്ന കാര്യം അവരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കെ.എം.എം.എൽ-ന്റെ ഒരു ഫീഡർ യൂണിറ്റായി ഇത് മാറുമെന്ന ആശങ്കകൾക്ക് അടിസ്ഥാനമില്ല. ഇതിനാവശ്യമായ ട്രെട്രാ ക്ളോറൈഡ് സപ്ളൈ ചെയ്യണമെങ്കിൽ കെ.എം.എം.എൽ-ന്റെ നിലവിലുള്ള കപ്പാസിറ്റി വർദ്ധിപ്പിക്കണം. എം.ഒ.യു-വിന് 6 മാസത്തെ വാലിഡിറ്റിയുണ്ട്. 2005 ഒക്ടോബറിൽ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്ന് കേരളത്തിൽ ടൈറ്റാനിയം സ്പോഞ്ച് വ്യവസായം സ്ഥാപിക്കേണ്ടതു സംബന്ധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് റഷ്യൻ കമ്പനിയുമായി ചർച്ചയ്ക്ക് തുടക്കമിട്ടത്. കെ.എം.എം.എൽ. എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചശേഷം റഷ്യയിലെ ഇൻഡ്യൻ എംബസ്സിയിൽ നിന്ന് വന്ന മെസേജിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് ഓഫ് ഇൻഡ്യയുടെ സപ്പോർട്ടോടെ കേരളാ ഗവണ്മെന്റ് ചർച്ച നടത്താനാണ് ശ്രമിക്കുന്നത്. അതിന്റെ തുടർച്ചയായിട്ടാണ് മേയ് 17-ാം തീയതി തിരുവനന്തപുരത്ത് വച്ച് പത്രക്കാരുടെ സാന്നിദ്ധ്യത്തിൽ പരസ്യമായി എം.ഒ.യു. ഒപ്പ് വച്ചത്. അക്കാര്യത്തിൽ ഒരു രഹസ്യവുമില്ല. എന്നാൽ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് കെ.എം.എം.എൽ.കമ്പനിയുടെ ബോർഡിന്റെ അനുമതിയില്ലാതെ മെക്കോൺ എന്ന കമ്പനിയുടെ നേതൃത്വത്തിൽ ഉണ്ടാക്കിയ അവിഹിത കരാറുകൾ റദ്ദ് ചെയ്തതാണ് ഇപ്പോൾ പ്രതിപക്ഷം പ്രശ്നമായി പറയുന്നത്. കെ.എം.എം.എൽ. എം.ഡി.യായി ശ്രീ. സുബ്രമണ്യത്തെ നിയമിക്കുമ്പോൾ അദ്ദേഹത്തിന്റെ പേരിൽ ഒരു വിജിലൻസ് കേസ്സും ഇല്ലായിരുന്നു . ഈ

സ്ഥാപനത്തെ അഴിമതിയിൽ മുക്കുന്നത് തടയാനും അവിടെ നടന്ന ക്രമവിരുദ്ധമായ നടപടികളെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളി കളെ പുറത്തുകൊണ്ടുവരാനും ഗവണ്മെന്റ് തയ്യാറാണ്.

**ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u>** ചവറ നിയോ ജകമണ്ഡലത്തിലെ ഒരു പൊതുമേഖലാസ്ഥാപനമായ കെ.എം.എൽ-ന്റെ അടിസ്ഥാന നവീകരണം സംബന്ധിച്ച് ആ വ്യവസായസ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ഐ.എൻ.ടി.യു.സി. അടക്കമുള്ള മുഴുവൻ യൂണിയനു കൾക്കും ആക്ഷേപമുണ്ടായിരുന്നു. അതിൽ ഉള്ള ദുരൂഹതയെക്കുറിച്ച് അന്വേ ഷണം ആവശ്യമാണ്. അടിസ്ഥാന നവീകരണപ്രക്രിയയും റഷ്യൻ ഗവ ണ്മെന്റുമായുള്ള ധാരണാപത്രവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നത് ശരിയല്ല. അടിസ്ഥാന നവീകരണവും റഷ്യൻ കമ്പനിയുടെ ധാരണാപത്രവുമായി ബന്ധമില്ല. ഈ സ്ഥാപനത്തെ പൊതുമേഖലയിൽ സംരക്ഷിച്ചു കൊണ്ടുതന്നെ ഇതു സംബന്ധിച്ച വികസനസാധ്യതകൾ ചർച്ച ചെയ്യേണ്ടതാ ണ്.

**മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. റ്റി.യു.കുരുവിള):</u>** സംസ്ഥാനത്തെ റോഡു കളുടെ അറ്റകുറ്റപ്പണികൾക്കായി ഡിപ്പാർട്ട്മെന്റിൽ നിന്ന് കിട്ടിയിട്ടുള്ള എസ്റ്റിമേറ്റ് നോക്കുമ്പോൾ 328 കോടി രൂപയുടെ ബാധ്യതയാണ് വരുന്നത്. എന്നാൽ ബഡ്ജറ്റിൽ 21.2 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. ബാക്കി തുക കേന്ദ്രസഹായത്തിലൂടെ കണ്ടെത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. ആവശ്യപ്പെടുകയാണ്. തുക കിട്ടുന്ന മുറയ്ക്ക് പണി തീർക്കുന്നതാണ്. അതിനായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുമായും ജനപ്രതിനിധികളു മായും ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

**ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>):** മലപ്പുറത്തെ സ്ക്കൂളുകളിൽ വിജയശതമാനം ഉയർത്തുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ച ഒരു പദ്ധതിയാണ് വിജയഭേരി പദ്ധതി. സ്ക്കൂൾ വിദ്യാഭ്യാസ ത്തിന്റെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിനുവേണ്ടി കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ക്രിയാത്മകമായ പങ്ക് വഹിച്ചിട്ടുണ്ടെന്നുള്ള കാര്യം പ്രതിപക്ഷം വിസ്മരിക്കരുത്. പുസ്തകം അച്ചടിക്കാനോ കരിക്കുലം രൂപീകരിക്കാനോ അവർക്ക് അവകാശമില്ല. 651 കോടി രൂപയുടെ ഉപധനാ ഭ്യർത്ഥനകളാണ് സഭയുടെ പരിഗണനയ്ക്കായി മുന്നോട്ടുവച്ചിരിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന വികസനകാര്യങ്ങൾ നട പ്പാക്കാനായി പണം വകയിരുത്തിയിട്ടുണ്ട്. എന്നാൽ കോട്ടയം നാഗമ്പടം കോടിമത ഫ്ളൈ ഓവറും ആറ്റുകാൽ നവീകരണ പരിപാടിയും സങ്കീർണ്ണമാ യിട്ടുള്ള പ്രോജക്ടുകളായതിനാൽ അതിന്റെ പഠനറിപ്പോർട്ടുകൾ പരിശോ ധിച്ച് ഉറപ്പു വരുത്തിയിട്ട് ഒരു തീരുമാനമെടുക്കുന്നതാണ്. അഡീഷണൽ ആതറൈസേഷൻ വഴിയുള്ള ന്യൂ സർവ്വീസ് ഹെഡ്ഡുകൾക്കും ഓൺ ഗോയിംഗ് സ്ക്കീമുകൾക്കും കൂടുതൽ പണം വകയിരുത്തിയിട്ടുണ്ട്. അതി നായി 315 കോടി രൂപയുടെ ചെലവ് വരും. വർഷം കഴിയുന്തോറും ഭരണയ ന്ത്രത്തിന്റെ കാര്യക്ഷമത കുറയുകയും കേന്ദ്രാവിഷ്കൃത പദ്ധതികളും പുതിയ വികസനപദ്ധതികളും നടപ്പാക്കാതെയും വരുന്നതിന്റെ ഫലമായി കാലാവധി തീരാതെ കിടക്കന്ന പ്രോജക്ടുകൾ പൂർത്തീകരിക്കാനായി 5,000 കോടി രൂപയുടെ ചെലവു വരും. മാനദണ്ഡങ്ങൾമൂലം കേന്ദ്രാവിഷ്കൃത സ്കീമുകളുടെ ഒരു ശതമാനംപോലും കേരളത്തിന് കിട്ടുന്നില്ല. പദ്ധതി കൾക്ക് പണം ചെലവഴിക്കുന്നതിന് നിയന്ത്രണങ്ങൾ വരുന്നുണ്ട്. എ.എസ്. ഉള്ള ഓൺ ഗോയിംഗ് സ്കീമാണെങ്കിൽ ഡ്യൂഡേറ്റിൽത്തന്നെ പണം ചെലവ

ഴിക്കാം. പ്ലാൻ സ്കീമിൽ വരുന്ന വർക്കുകൾക്കാണ് കൂടുതൽ പരിശോധന വരുന്നത്. വനം, പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകൾക്ക് നിശ്ചിത പരിധിക്കുള്ളിൽ വരുന്ന തുകയ്ക്ക് ചെക്ക് ഇഷ്യൂ ചെയ്യാമെന്നുള്ള എൽ.സി. സമ്പ്രദായമുണ്ട്. പുതിയ വർക്കാണെങ്കിൽ കോമ്പീറ്റന്റ് അതോറിറ്റി എ.എസ്. കൊടുക്കണം, അതിന് ഫിനാൻഷ്യൽ ഡെലിഗേഷനുണ്ട്. 10 -15 ലക്ഷം രൂപവരെയുള്ള വർക്കുകൾക്ക് അതാത് വകുപ്പുതലവന്മാർക്ക് സാങ്ഷൻ നൽകാം. അതിനുമുകളിലുള്ളവ സർക്കാരിൽ വരണം. 25 ലക്ഷം രൂപയ്ക്കു മുകളിലുള്ളവയാണെങ്കിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ കൺകറൻസ് വാങ്ങണം. വർക്കിംഗ് ഗ്രൂപ്പിന് ഒരുകോടി രൂപവരെയുള്ള വർക്കുകൾ സാങ്ഷൻ ചെയ്യാം. അതിനുമുകളിൽ വരുന്നതിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ കൺകറൻസ് വേണം. ഡിലേ പരിഹരിക്കുന്നതിനായി ഭരണ പരിഷ്ക്കാര കമ്മീഷൻ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുന്നതും എത്രയുംപെട്ടെന്ന് അവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. 2005-06-ൽ പൊതുമരാമത്ത്, ജലസേചന വകുപ്പുകളിലായി 5025 നിർമ്മാണ പ്രവർത്തനങ്ങളാണ് ടെണ്ടർ വിളിക്കാതെ പോയിട്ടുള്ളത്. എറണാകുളം ജില്ലയിൽ മാത്രം 743 വർക്കുകളാണ് ടെണ്ടറില്ലാതെ കൊടുത്തത്. കഴിഞ്ഞ മൂന്നുവർഷത്തെ കണക്ക് പരിശോധിച്ചാൽ എറണാകുളം, ആലുവ ഡിവിഷനിലായി വി.ഐ.പി. വിസിറ്റുമായി ബന്ധപ്പെട്ട റോഡുപണിക്ക് 25 കോടി രൂപയാണ് ചെലവാക്കിയിട്ടുള്ളത്. ഈ മേഖലകളിൽ നടപടിക്രമങ്ങൾ കർശനമായി പാലിച്ചില്ലെങ്കിൽ പൊതുപണം ധൂർത്തടിക്കുന്ന സ്ഥിതിവരും. 2003-04 മുതൽ 2004-05 വരെ പി.ഡബ്ലിയു.ഡി. പ്ലാനിൽ 134 കോടി രൂപയുള്ളപ്പോൾ എ.എസ്. കൊടുത്തത് 774 കോടി രൂപയ്ക്കാണ്. ബഡ്ജറ്റ് രേഖയിൽപോലുമില്ലാതെയാണ് 171 കോടി രൂപ കൊടു

ത്തിട്ടുള്ളത്. 210 കോടി രൂപയുടെ 76 വർക്കുകൾക്ക് ടെണ്ടർ വേവ്ചെയ്ത് റിവിഷൻ കൊടുത്തിരിക്കുന്നു. കോൺട്രാക്ട് വർക്ക് എടുത്തിട്ട് പണി പൂർത്തിയാക്കാതെ പോയാൽ കോൺട്രാക്ടറുടെ റിസ്ക് ആൻഡ് കോസ്റ്റി ലാണ് സാധാരണ ആ വർക്ക് നടത്തുന്നത്. എന്നാൽ 41 ലക്ഷം രൂപയുടെ പണികൾ തീർത്തു എന്നുപറഞ്ഞ് റിസ്ക് ആൻ ഡ് കോസ്റ്റ് 50 ശതമാനം വേവ് ചെയ്ത് കൊടുത്തിരിക്കുന്നു. സംസ്ഥാനത്തെ മെയിന്റനൻസിനു വേണ്ടി മാത്രം 600 കോടി രൂപ നീക്കിവച്ചിട്ടുണ്ടെങ്കിലും റോഡുകൾ കുണ്ടും കുഴിയുമായി കിടക്കുകയാണ്. ഈ അരാജകത്വം അവസാനിപ്പിക്കുന്നതിന് നടപടിക്രമങ്ങളിൽ മാറ്റം വരുത്തണം. നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ടു ള്ള പ്രവൃത്തികൾക്കെതിരെ നടപടിയുണ്ടാകണം. കേരളത്തിൽ മാത്രമേ റവന്യൂ കമ്മിയുള്ളൂ. എക്സൈസ് നികുതിയിനത്തിലും സ്റ്റാംപ് ഡ്യൂട്ടി യിലും കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധനയുണ്ടാകുമെന്ന് കരുതുന്നു. വാറ്റ് നികുതിയിലും കഴിഞ്ഞവർഷത്തേതുപോലെ വർദ്ധനവ് കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. വാളയാർ ചെക്ക്പോസ്റ്റിലെ പ്രവർത്തനം ആഗസ്റ്റ് 15 മുതൽ കുറ്റമറ്റ രീതിയിലാക്കുന്നതാണ്. കഴിഞ്ഞ ഒക്ടോബർവരെ മരുന്നുപാക്കറ്റുക ളിൽ എം.ആർ.പി. പ്ലസ് ലോക്കൽ ടാക്സ് എന്ന് അടിച്ചിരുന്നുവെങ്കിലും സംസ്ഥാനം ടാക്സ് ചുമത്തിയിരുന്നില്ല. ഒക്ടോബർ മുതൽ MRP inclusive of all taxes എന്ന് കേന്ദ്ര ഗവൺമെന്റ് മാറ്റം വരുത്തിയതോടുകൂടി അതിന്റെ അടിസ്ഥാനത്തിലുള്ള വിലയാണ് മരുന്നുകമ്പനികൾ ഈടാക്കുന്ന ത്. എം.ആർ.പി.യേക്കാൾ കുറഞ്ഞവിലയ്ക്ക് വിൽക്കാൻ നിയമസാധ്യതയി ല്ലാത്തുകൊണ്ട് സംസ്ഥാനഗവൺമെന്റ് 4% നികുതി ഏർപ്പെടുത്തി. ഏതെ ങ്കിലും കമ്പനി സംസ്ഥാന നികുതിയില്ലാതെ എം.ആർ.പി. അടിക്കാൻ തയ്യാ

റായാൽ ആ ഇനത്തെ സംസ്ഥാന നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്. കശുവണ്ടിക്ക് 12.5% ആയിരുന്ന വാറ്റ് നികുതി 4% ആക്കിയിട്ടുണ്ട്. കൊപ്ര, തേങ്ങ, വെളിച്ചെണ്ണ എന്നിവയുടെ പ്രവേശന നികുതി എടുത്തുകളഞ്ഞപ്പോൾ 20% നികുതിയുണ്ടായിരുന്നത് 12.5% ആയി. ചില്ലറ വ്യാപാരമേഖലയിൽ വിദേശ കുത്തകകൾ കടന്നുവരുന്നത് നിയമംമൂലം നിയന്ത്രിക്കാം. എന്നാൽ ഇന്ത്യയിലുള്ള ഏതെങ്കിലും കുത്തക വ്യാപാരിയുടെ വ്യാപാരം നിർത്തലാക്കാൻ ഇന്ത്യൻ ഭരണഘടനയനുസരിച്ച് കഴിയില്ല. എന്നാൽ ഇങ്ങനെയുള്ള കുത്തക സ്ഥാപനങ്ങൾ കേരളത്തിലെ റീട്ടെയിൽ മേഖലയിൽ വരുന്നത് സാധാരണ കച്ചവടക്കാരെ പ്രതികൂലമായി ബാധിക്കുമെന്നതുകൊണ്ട് അവയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് രൂപംനൽകുന്ന നോംസിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ വരും. അങ്ങനെയുള്ള ചെയിൻ മൾട്ടി പ്രോജക്ട് കമ്പനികൾക്ക് ഒരു turn out tax ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI -ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 26-നെതിരെ 75 വോട്ടുകളോടെയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 25-നെതിരെ 77 വോട്ടുകളോടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളായ XX, XXII എന്നിവ 25-നെതിരെ 77 വോട്ടുകളോടെയും മറ്റ് ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.10-ന് പിരിഞ്ഞു.